DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

website:www.filca .in | PH:8089036090 | email :filcakerala@gmail.com

വോള്യം -8 ലക്കം -144 നവംബർ 2025 മലയാളം - ഇംഗ്ലീഷ്

# ഫിലിം വിഷൻ

Filca film society in association with Higher Education Dept., Tourism Dept., Beam Film Society, KX Pharma, HLL Life Care. and other organisations.

## വിശ്വസാഹിത്യവും സിനിമയും - ഭാഗം 6

### November Film Fest part-6



09:30 AM
**DOCTOR ZHIVAGO**
BORIS PASTERNAK
Dir : David Lean



02:00 PM
**WERCKMEISTER HARMONIES**
KRASZNAHORKAI
Dir : Bela Tarr



04:30 PM
**BLINDNESS**
JOSE SARAMAGO
Dir : Fernando Meirelless

30 Sunday November 2025

Joint council hall,
Near press club,Trivandrum

All are welcome | Admission to people who are above 18 years old | Free entry

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

## Executive Committee Members 2025 -2028



**New executive committee of Filca Film Society. 2025 - 2028.**

1. President : Dr.B. Radhakrishnan
2. Vice President : Rajambika.S.S.
3. General Secretary : Sabu Sankar
4. Joint Secretary : P. S. Jyothishkumar
5. Treasurer : Vinodkumar. P.

Executive committee members
6. Sheeba. S. James
7. C.V. Premkumar
8. Girija Surendran
9. Anju Karthika
10. Sanju Kalapurackal
11. Baiju. N. N.
12. Suresh babu

Consultants
13. Vijayakrishnan
14. John Thomas

November Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Film Festival Part-VI

KSFDC

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE NOVEMBER 2025

INDEX


1. HYBRIDITY AND SYNCRETISM IN CINE ART
-ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 11




2. വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള
ചലച്ചിത്രമേളയുടെ അഞ്ചാം ഭാഗം (പ്രതികരണം) - ജോൺ തോമസ് 13



3. ഡോക്ടർ ഷിവാഗോ
- വിനോദ് കുമാർ. പി. ( ഫിൽക്ക ) 17



4. ബോറിസ് പാസ്റ്റർനാക്ക്
- ഷീബ .എസ് . ജെയിംസ് (ഫിൽക്ക) 22



5. ഡേവിഡ് ലീൻ
- സുരേഷ് കുമാർ. സി. (സെക്രട്ടറി, ബീം ഫിലിം സൊസൈറ്റി) 25



6. വേർക്ക് മീസ്റ്ററുടെ രാഗലയങ്ങൾ അഥവാ
ചെറുത്തുനിൽപ്പിന്റെ വിഷാദം - സാബു ശങ്കർ 28



7. ലാസ്ലോ ക്രാസ്നഹോർകായ്: വെളിപാട്
ലോകങ്ങളിലെ സഞ്ചാരി - ലീലാമ്മ തോമസ്, ബാട്സ്വാന (ഫിൽക്ക ) 35



Website:www.filca.in Email:filcakerala@gmail.com

November Film Festival
# ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI
KSFDC

# FILM VISION
# DIGITAL FILM MAGAZINE

## WHATS INSIDE NOVEMBER 2025

INDEX

8. ബേലാ താർ - ഹംഗേറിയൻ സംവിധായകൻ
പി.എസ്.ജ്യോതിഷ്കുമാർ ( ഫിൽക്ക ) 39



9. ചെറുത്തുനിൽപ്പിന്റെ വിഷാദം
(കവിത) - രാജാംബിക (ഫിൽക്ക) 46




10. 'അന്ധത'( Blindness) ; തിരിച്ചറിവിന്റെ നഷ്ടപ്പെടലുകൾ
ഡോ. പി. അജികുമാർ ( ഫിൽക്ക ) 50




11. ഷൂസെ സരമാഗോ:
നോബൽ പ്രൈസ് പോർട്ടുഗീസ് നോവലിസ്റ്റ് - മിഥില (ഫിൽക്ക) 55



12. ഫെർണാണ്ടോ ഫെരേര മെയറല്ലെസ്: 'ബ്ലൈൻഡ്നെസ്സ്' എന്ന വിസ്മയ
സിനിമ സംവിധായകൻ - അഞ്ജു കാർത്തിക (ഫിൽക്ക) 58



Website:www.filca.in Email:filcakerala@gmail.com


KPharma
Your Family Health Store
Your Prescription
Delivered Anytime,
Anywhere
Kuravankonam - +91 9995811166
Attingal - +91 8129484422
Pothencode - +91 9074558889
Manacaud - +91 8136988890
Vattiyoorkavu - +91 8714692315
Ayoor - +91 7593001351

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI
KSFDC



# WORLD LITERATURE AND CINEMA FILM FESTIVAL


PART -VI

Filca film society in association with Higher Education Dept., Tourism Dept., Beam Film Society, KX Pharma, HLL Life Care. and other organisations.

| 30, SUNDAY, November,2025. | SCREENING SCHEDULE | Joint council 1ST Floor, Near Press Club, Trivandrum. |
|---|---|---|

## FILCA FILM SOCIETY

### NOVEMBER FILM FEST



09:30 AM

**DOCTOR ZHIVAGO**

**BORIS PASTERNAK**


1965 / UK-ITALY-USA

**DIR: David Lean**



David Lean





02:00 PM

**WERCKMEISTER HARMONIES**

**KRASZNAHORKAI**

2000/HUNGARY

**DIR: Bela Tarr**



Bela Tarr





04:30 PM

**BLINDNESS**

**JOSE SARMAGO**

2000/ CANADA-JAPAN-U.K

**DIR: Fernando Meirelless**



Fernando Meirelless



website:www.filca .in

email :filcakerala@gmail.com

November Film Festival
# ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

EXPLORE UNTOUCHED TRAILS & TRANQUIL STAYS WITH

ThinkTrawell



## Introducing Your Quiet Escape Home at Edava, Varkala

Sindooram ECO STAY

### WHAT TO EXPECT ?

- 2 bedrooms (a/c) with washroom attached +1 bedroom (a/c) with adjacent washroom.
- Free WiFi
- Car Parking
- Washing Machine
- Refrigerator
- Kitchen Facility
- 24*7 CCTV surveillance
- Inverter Backup
- Large terrace area

**Address:-**Sindooram Eco Stay, Opposite Thakadi temple, Venkulam, Edava P.O, Varkala, Trivandrum - 695311

### WHY CHOOSE US ?

- A quiet residential location
- Eco-friendly, premium interiors
- Ideal for families, long-term workations & corporate get-togethers
- Safe, calm, and close to major attractions at Varkala
- We promote responsible tourism

### HOW TO REACH ?

- Varkala - 3 km
- Kollam - 23 km
- Trivandrum - 47 km
- Trivandrum - 44 km
- Varkala Cliff - 4.4 km
- Edava beach - 1.2 km
- Kappil beach - 2.3 km
- Jadayupara - 30 km

Scan for location

AVAIL LAUNCHING OFFERS!

BOOK NOW
connect@thinktrawell.com
thinktrawell.com

CONTACT DETAILS
+91 97452 26945


© THINKTRAWELL TOURISM & TECH PVT LTD

November Film Festival
# ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival
KSFDC



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

# HYBRIDITY AND SYNCRETISM IN CINE ART



**Dr. B. Radhakrishnan**
(President, Filca Fim Society

Hybridity and syncretism are terms that refer to the blending of different cultural, stylistic, and narrative elements to create new forms of expression.

These are key features of post-war films reflecting the socio-political complexities of a globalized world.

Hybridity is the process of combining elements from different cultures, often as a result of globalization, migration, or colonialism. Syncretism is the fusion of different cultural or religious beliefs, practices, and traditions to create a new, cohesive whole.

In art, this can manifest as blending of traditional and modern elements , combination of Eastern and Western narrative styles, incorporation of diverse cultural symbols, motifs, and themes and experimentation with new forms, techniques, and materials.



The painter Frida Kahlo's artwork is a blend of Mexican folk art, surrealism, and politics. Jean-Michel Basquiat's artwork is a combination of African American culture, graffiti, and Western art history.

Satyajit Ray's films the 'The Apu Trilogy' (1955-1959) blended Indian classical music and literature with Western cinematic techniques. Akira Kurosawa's film "Rashomon" (1950) combined Japanese and Western narrative styles, exploring themes of truth and perception.

Glauber Rocha's film 'Black God, White Devil' (1964) blended Brazilian culture, politics, and Western cinematic influences. In African cinema, directors like Ousmane Sembène and Souleymane Cissé combined traditional African storytelling with modern cinematic techniques. In Latin American cinema , films like 'City of God' (2002) blended European and indigenous cultural influences.

The French New Wave filmmakers like Jean-Luc Godard and François Truffaut experimented with narrative structures, blending Hollywood and European cinematic styles. Pop Artists like Andy Warhol and Roy Lichtenstein combined high and low culture, reflecting the hybridity of consumerist societies. In Jazz and rock music , musicians like Miles Davis and The Beatles blended different cultural and musical traditions, creating new voices and styles.

In the social context, hybridity and syncretism led to multiculturalism . The increased migration and globalization led to the creation of diverse, hybrid communities. The 1960s saw the rise of counterculture movements, blending politics,



art, and social change. The post-war period saw the emergence of new identities, such as the “teenager” and the “hippie”, reflecting changing social and cultural hybridity.

In cinema, Syncretism can be seen in religious practices that combine elements from different faiths, like Christianity and African traditional religions. The hybridity in postmodern cinema refers to the blending of different styles, genres, and influences to create a unique cinematic experience. Think of it like a cinematic mashup!

Postmodern cinema often combines elements of horror, sci-fi, and comedy. Combining different visual styles,like animation and live action in a process that can be called style mixing. Blending Eastern and Western influences can be considered cultural fusion . In brief, hybridity and syncretism create a playful, self-aware, and often irreverent cinematic experience. It’s very much like a cinematic collage, where different elements come together to create something new and exciting for the viewer!

In this context, the IFFK, the International Film Festival of Kerala itself, that brings together a multitude of cinemas from vastly varied cultures around the globe, becomes an event of world cultural and artistic hybridity and syncretism.



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

പ്രതികരണം

# വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള ചലച്ചിത്രമേളയുടെ അഞ്ചാം ഭാഗം



ജോൺ തോമസ്
(ഫിൽക്ക)

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ അവലംബിച്ചുള്ള 25 സിനിമ കളുടെ പ്രദർശന പരമ്പരയിലെ 3 സിനിമകൾ അടങ്ങുന്ന അഞ്ചാം ഭാഗം 2025 ഒക്ടോബർ മാസം ഇരുപത്തിയാറാം തീയതി തിരുവനന്തപുരത്ത് ജോയിന്റ് കൗൺസിൽ എ.സി. ഹാളിൽ അരങ്ങേറി.

നോബൽ സമ്മാന ജേതാക്കളായ മൂന്ന് ആധുനിക സാഹിത്യകാരന്മാരുടെ മൂന്നു കൃതികളെ ആസ്പദമാക്കിയുള്ള സിനിമകളായിരുന്നു ഈ പാക്കേജിൽ ഉണ്ടായിരുന്നത്. ജർമൻ സാഹിത്യകാര നായ ഗുന്തർ ഗ്രാസിന്റെ ടിൻ ഡ്രം, ദക്ഷിണാഫ്രിക്കൻ നോവലിസ്റ്റ് ജെം. എം.കൂറ്റ്സി യുടെ വെയിറ്റിംഗ് ഫോർ ദി ബാർബേറിയൻസ് , സ്പാനിഷ് സാഹിത്യ കാരൻ ഏണസ്റ്റ് ഹെമിംഗ് വേയുടെ ഓൾഡ് മാൻ ആൻഡ് ദി സീ എന്നിവയായിരുന്നു ആ സാഹിത്യകൃതികൾ.




ടിൻഡ്രം അഥവാ തകരച്ചെണ്ട എന്ന കൃതിയെ ആസ്പദമാക്കി വോൾക്കർ ഷോൺഡോർഫ് എന്ന വിഖ്യാത ജർമ്മൻ ചലച്ചിത്രകാരൻ സംവിധാനം ചെയ്ത അതേ പേരിലുള്ള 2019 ലെ ചിത്രത്തിന്റെ പ്രദർശനത്തോടു കൂടി മേള ആരംഭിച്ചു .വംശീയ-ദേശീയ വാദങ്ങൾ, യുദ്ധവെറി, അപരവത്കരണം എന്നിവയ്ക്ക് ഒക്കെ എതിരായി അടുത്തകാലത്ത് നിര്യാതനായ, കേരളം സന്ദർശിച്ചിട്ടുള്ള ഗുന്തർ ഗ്രാസ് എന്ന എഴുത്തുകാരൻ ഒരു ഫാൻറസിയി ലൂടെ നടത്തുന്ന ചെറുത്തു നിൽപ്പും മാന വികതയുടെ സന്ദേശ പ്രചാരണവുമാണ് തകര ചെണ്ട എന്ന അദ്ദേഹത്തിന്റെ സാമാന്യം ദീർഘമായ നോവൽ.



വംശീയ, ദേശീയ വാദങ്ങൾ ശക്തിപ്പെട്ടു വരികയും യുദ്ധസന്നാഹം നടത്തു കയും ചെയ്യുന്ന ജർമ്മനിയിൽ രണ്ടാം ലോക മഹായുദ്ധത്തിന് തൊട്ടു മുൻപ് ജനിച്ച ഓസ്കർ എന്ന കുട്ടി ഭ്രാന്തവും ഭീതിജനകവുമായ ഈ അവസ്ഥയിൽ ഇനി വളരേണ്ട എന്ന് മൂന്നാം വയസ്സിൽ എടുക്കുന്ന തീരുമാനമാണ് ഈ കൃതിയുടെ അടിസ്ഥാനം. ജർമൻകാർ അപരവത്കരി ക്കുകയും വംശീയമായി ഇകഴ്ത്തുകയും

ചെയ്യുന്ന പോളണ്ടുകാരനായ പുരുഷന് ജർമൻ സ്വദേശിയായ സ്ത്രീയിൽ പിറന്ന സങ്കര ബന്ധത്തിന്റെ പിന്തുടർച്ചക്കാരനും പിറന്നാൾ സമ്മാനമായി ലഭിച്ച തകര ച്ചെണ്ട കൊട്ടിക്കൊണ്ടു നടക്കുന്നവനുമായ ഓസ്കർ കാണുന്ന കാഴ്ചകളും അവൻ നടത്തുന്ന ഇടപെടലുകളും ആണ് നോവലിന് ആധാരം. ലോകമഹായുദ്ധം അവസാനിക്കുന്നതോടുകൂടി ഭയം നിറഞ്ഞ അവസ്ഥ ഏതാണ്ട് മാറിയ സാഹച ര്യത്തിൽ ഓസ്കർ അവന്റെ ശാരീരികമായ തനിമയിലേക്ക് മാറാൻ തീരുമാനിക്കുന്ന തോടു കൂടി കഥ അവസാനിക്കുന്നു. നോവലിലെ പ്രധാന അംശങ്ങളുടെ ശക്തി ഒട്ടും ചോരാതെ ആവിഷ്കരിക്കാൻ ഉള്ള ശ്രമം സിനിമയിൽ കാണാം.

പോളണ്ടിനോട് ചേർന്നു കിടക്കുന്ന കഷൂബിയ എന്ന പ്രദേശത്ത് ഒരു ജർമൻ കർഷക സ്ത്രീക്ക് താൻ അഭയം നൽകുന്ന തടവുചാടിയ ഒരു പോളണ്ട് കാരനുമായുള്ള ബന്ധത്തിൽ പിറക്കുന്ന മകളാണ് ഓസ്കറിന്റെ അമ്മ. അമ്മയുടെ ജനനത്തിലേക്ക് നയിക്കുന്ന രംഗങ്ങൾ... അമ്മയ്ക്ക്, ഹിറ്റ്ലറിന്റെ ദർശനങ്ങളിൽ അടിയുറച്ച് വിശ്വസിക്കുന്ന ജർമൻകാരനായ നിയമാനുസൃത ഭർത്താവ് ഉള്ളപ്പോൾ തന്നെ പോസ്റ്റ് ഓഫീസ് ജീവനക്കാരനായ പോളണ്ട്കാരനെയും അവൾ സ്നേഹിക്കുന്നത്... ജനങ്ങളെ ഏകശിലയിൽ വാർക്കപ്പെട്ട ജീവികളാക്കി മാറ്റാനുള്ള ശ്രമത്തിൽ നടക്കുന്ന മാർച്ചിംഗ് സോങ്ങിനിടയിൽ ഒളിച്ചു നിന്ന് തന്റെ തകരച്ചെണ്ട ഉപയോഗിച്ച് മാർച്ചിംഗ് സോങ്ങിനെ വാൾസിന്റ സ്നേഹതാളം ആക്കി ഓസ്കർ തിരിച്ചു വിടുന്നത്...സംഗീതോപകരണങ്ങൾ വിൽക്കുന്ന യഹൂദന്റെ കടയും അയാളുടെ അന്ത്യവും... ജർമൻ പട്ടാളക്കാർക്ക്




പിടികൊടുക്കാതെ ഓസ്കറിന്റെ മുത്തച്ഛന്റെ ആറ്റിൽ ചാടി രക്ഷപ്പെടാനുള്ള ശ്രമം... ഓസ്കറിന്റെ അമ്മയുടെ മരണം... കുള്ളന്മാരുടെ സമൂഹത്തിൽ എത്തിപ്പെടുന്ന ഓസ്കറിന്റെ ജീവിതം..എന്നിങ്ങനെ ചിന്തോദ്ദീപകവും രസകരവുമായ നിരവധി രംഗങ്ങളും സന്ദർഭങ്ങളും ഈ സിനിമയിലുണ്ട്.

വംശീയവും മതപരവുമായ ധ്രുവീകരണം പ്രോത്സാഹിപ്പിക്കപ്പെടുന്ന ഇന്നത്തെ ലോക സാഹചര്യത്തിൽ അത്തരം വാദഗതികളുടെ പൊള്ളത്തരവും അവ വരുത്തി വയ്ക്കാൻ ഇടയുള്ള ദുരന്തത്തിലേക്കും ഈ സിനിമ വിരൽ ചൂണ്ടുന്നു.

പ്രശസ്ത മലയാളസാഹിത്യകാരൻ എം. മുകുന്ദൻ തനിക്കിഷ്ടപ്പെട്ട നോവലുകളിൽ ഒന്നായി ജെ.എം. കൂറ്റ്സിയുടെ വെയിറ്റിംഗ് ഫോർ ദി ബാർബേറിയൻസ് എന്ന കൃതിയെ പരാമർശിച്ചത് ഓർക്കുന്നു. ലൈഫ് ആൻഡ് ടൈംസ് ഓഫ് മൈക്കിൾ.കെ, ഡിസ്ഗ്രേസ് തുടങ്ങിയ പ്രശസ്തമായ നോവലുകൾ രചിച്ച ജെ.എം.കൂറ്റ്സിയുടെ വെയിറ്റിംഗ് ഫോർ ദി ബാർബേറിയൻസ് എന്ന നോവലിനെ അധിഷ്ഠിതമാക്കി യാണ് സിറൊ ഗുവേരയെന്ന സംവിധാ യകൻ 2019 ൽ അതേ പേരിലുള്ള സിനിമ സംവിധാനം ചെയ്തത്.


November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI
KSFDC



ഒരു സാങ്കല്പിക ദേശത്തെ മജിസ്‌ട്രേറ്റാണ് മുഖ്യകഥാപാത്രം. പല രാജ്യങ്ങളിലും സംഭവിച്ചതു പോലെ തദ്ദേശീയരും ദരിദ്രരും അജ്ഞരും ആയ മണ്ണിന്റെ മക്കളെ ആട്ടിയോടിച്ചു കൊണ്ടാണ് അധിനിവേശക്കാർ തങ്ങളുടെ സാമ്രാജ്യങ്ങൾ ഉറപ്പിച്ചത്. മലകളിൽ അഭയം തേടിയ തദ്ദേശീയരിൽ നിന്നും ഒരാക്രമണം എപ്പോഴും ഉണ്ടാകാം എന്ന ഭീതിയോടെയും അവരെ നേരിടാനുള്ള സന്നാഹത്തോടെയുമാണ് അധിനിവേശക്കാർ കഴിയുന്നത്. ആ മണ്ണിന്റെ യഥാർത്ഥ അവകാശികൾ ആട്ടിയോടിക്കപ്പെട്ടവരല്ലേ എന്ന ചിന്തയാൽ ധർമ്മസങ്കടത്തിൽ ആകുന്ന മജിസ്ട്രേറ്റ്, അവരെ കർക്കശമായി നേരിടാൻ അദ്ദേഹത്തിൽ സമ്മർദ്ദം ചെലുത്തുന്ന മേലധികാരികളും മജിസ്ട്രേറ്റിന്റെ ദുരന്തപര്യവസായിയായിത്തീരുന്ന ജീവിതവും ആണ് ഈ ചിത്രത്തിന്റെ പ്രമേയം.

പലായനം ചെയ്ത തദ്ദേശവാസികളിൽ കാഴ്ച പരിമിതി ഉള്ളവളും കാലിനു മാരകമായ പരിക്കുപറ്റിയവളുമായ ഒരു യുവതിയെ അവളുമായുള്ള ആശയവിനിമയം ദുഷ്കരമായിരുന്നിട്ടു കൂടി മജിസ്ട്രേറ്റിന്റെ ശ്രമഫലമായി അദ്ദേഹത്തിന്റെ മുറിയിൽ പാർപ്പിച്ച്, ശുശ്രൂഷിച്ച് സുഖപ്പെടുത്തിയെടുക്കുന്നു. അവളോട് അദ്ദേഹത്തിന് തോന്നുന്ന സഹാനുഭൂതി ശാരീരികാകർഷണത്തിൽ പോലും എത്തിച്ചേരുന്നുണ്ട്. എന്നാൽ തെരുവിൽ കിടന്ന അവളെ സമസൃഷ്ടിയായി കാണാനുള്ള അയാളുടെ സമീപനത്തിൽ അവൾ പോലും സംശയാലുവാകുന്നു. തനിക്ക് തന്റെ ആൾക്കാരുടെ ഇടയിലേക്ക് അതായത് മലകളിലേക്ക് തിരികെ പോകണമെന്ന അവളുടെ താല്പര്യം അയാൾ നിറവേറ്റി കൊടുക്കുന്നു.

മേലധികാരികളുടേതായി അയാൾക്കുള്ള കുറ്റപത്രത്തിൽ ഈ പ്രവൃത്തിയും അയാളുടെ പക്ഷത്ത് നിന്നുള്ള ഒരു വീഴ്ചയായി കണക്കാക്കി അവർ ഉൾപ്പെടുത്തുകയാണ്. അങ്ങനെ വിവിധങ്ങളായ ചോദ്യങ്ങൾ ഉയർത്തുന്ന ദുരന്തത്തിൽ പര്യവസാനിക്കുന്ന ഒരു ശ്രേഷ്ഠ കൃതിയുടെ ഭേദപ്പെട്ട അവതരണമായിരുന്നു ഈ സിനിമ.




മൂന്നാമതായി അവതരിപ്പിക്കപ്പെട്ടത് ഏണസ്റ്റ് ഹെമിംഗ്വേയുടെ ഓൾഡ് മാൻ ആൻഡ് ദി സീ എന്ന പ്രശസ്ത നോവലിന്റെ ചലച്ചിത്രാവിഷ്കാരമായിരുന്നു. ജോൺ സ്റ്റർജസ് സംവിധാനം ചെയ്ത് 1958 ൽ പുറത്തിറക്കിയ സ്പെൻസർ ട്രേസി നായകനായി അഭിനയിച്ച സിനിമ. ഭാര്യയുടെ മരണത്തെ തുടർന്ന് ഏകാന്തവാസം അനുഭവിക്കുന്നയാളും



നിത്യവൃത്തിക്കുള്ള വരുമാനം നിലച്ചവനുമായ സാന്തിയാഗോ എന്ന ക്യൂബൻ കടൽത്തീരപട്ടണത്തിലെ വൃദ്ധനായ മുക്കുവൻ ആണ് പ്രധാന കഥാപാത്രം. അയാൾക്ക് ആകെയുള്ള കൂട്ട് മനോളിൻ എന്ന പയ്യൻ. സാന്തിയാഗോയോടൊപ്പം മീൻപിടുത്തത്തിൽ സഹായിയായി കടലിൽ പോയിരുന്ന അവന്റെ കിഴവനുമായുള്ള സഹചാരിത്വം മീൻ ലഭിക്കാതായതോടെ അവന്റെ വീട്ടുകാർ വിലക്കി. അവൻ വാങ്ങിക്കൊടുക്കുന്ന ഭക്ഷണമാണ് വൃദ്ധന്റെ ഇപ്പോഴത്തെ ആശ്രയം.

എന്നോ നടന്ന ബേസ്ബോൾ കളി ചിത്രീകരിക്കുന്ന പത്രക്കടലാസ് കൊണ്ട് നടക്കുകയും ബേസ് ബോൾ കളിയെക്കുറിച്ച് വാചാലമായി സംസാരിക്കുകയും ചെയ്യുന്നു സാന്തിയാഗോ . എന്നാൽ ഉറങ്ങുമ്പോൾ അയാൾ കാണുന്ന സ്വപ്നം ആഫ്രിക്കൻ തീരത്തെ സിംഹങ്ങളെയാണെന്ന് നോവലിസ്റ്റ് . ഏകനായി കടലിൽ പോകുന്ന അയാളുടെ ചൂണ്ടയിൽ അസാധാരണ വലിപ്പമുള്ള ഒരു മർലിൻ മത്സ്യം കൊത്തിയെങ്കിലും ചോരമണത്തെത്തിയ വമ്പൻ സ്രാവുകൾ അതിനെ ഭക്ഷിക്കാൻ വേണ്ടി നടത്തിയ ആക്രമണത്തെ തടുക്കാൻ ആവാതെ അതിന്റെ അസ്ഥിപഞ്ജരം മാത്രമാണ് രണ്ട് ദിവസങ്ങൾക്ക്ശേഷം സാന്തിയാഗൊയ്ക്ക് കരയ്ക്കെത്തിക്കുവാൻ സാധിക്കുന്നത്.

സാന്തിയാഗോയുടെ മോണോലോഗുകളാണ് ചിത്രത്തിന്റെ ജീവൻ. നോവലിലെ വാക്കുകൾ തന്നെയാണ് സിനിമയിലും ഉപയോഗിച്ചിരിക്കുന്നത്. നക്ഷത്രഖചിതമായ രാത്രി ആകാശത്തിന്റെ സൗന്ദര്യം വർണ്ണിക്കുന്നത്... ദുഷ്കരമായ ഏകാന്ത നിമിഷങ്ങളിൽ മനോളിന്റെ കൂട്ട് ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന ചിന്ത...മർലിൻ മത്സ്യത്തോടും ആക്രമണകാരികളായ സ്രാവുകളോടും ഉള്ള സംഭാഷണം... ഇവയൊക്കെ ഈ സിനിമയെ ശ്രേഷ്ഠമാക്കുന്നു.

മീൻപിടുത്തം പരാജയത്തിൽ കലാശിച്ച് പതറുന്ന ചുവടുകളോടെ വീട്ടിലെത്തി ഉറക്കത്തിലേക്ക് വഴുതി വീഴുന്ന കിഴവനെ പിറ്റേന്ന് പയ്യൻ കാണുമ്പോൾ അയാൾ ആഫ്രിക്കൻ തീരത്തെ സിംഹങ്ങളെ സ്വപ്നം കാണുകയായിരുന്നു എന്നാണ് ഹെമിംഗ്വേ പറയുന്നത്. മനുഷ്യനെ നശിപ്പിക്കാൻ അല്ലാതെ പരാജയപ്പെടുത്താൻ ആവില്ലെന്ന അജയ്യതയുടെ സന്ദേശവും നൽകുന്നു. ഈ നോവലിനെ ആസ്പദമാക്കി ഒന്നിലേറെ സിനിമകൾ ഉണ്ടായിട്ടുണ്ടെങ്കിലും സ്പെൻസർ ട്രേസി നായകനായി അഭിനയിച്ച 1958 ലെ ഈ സിനിമയാണ് ഭേദപ്പെട്ടത്.

പതിവുപോലെ നോവൽ, നോവലിസ്റ്റ്, സിനിമ, സംവിധായകൻ എന്നിവയെ കുറിച്ച് വിശദമായ കുറിപ്പുകൾ ചലച്ചിത്രങ്ങളെ കുറിച്ചുള്ള കവിതകൾ, കലാസംബന്ധിയായ പൊതുലേഖനങ്ങൾ എന്നിവയൊക്കെ അടങ്ങുന്ന ഫിലിം വിഷൻ ഡിജിറ്റൽ മാഗസിനും ഓരോ സിനിമയ്ക്കും മുമ്പ് ജനറൽ സെക്രട്ടറി നേരിട്ട് നൽകിയ പശ്ചാത്തല വിവരണങ്ങളും സിനിമയുടെ ആസ്വാദനത്തിന് വളരെയധികം സഹായിച്ചു.

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI
KSFDC

# ഡോക്ടർ ഷിവാഗോ



വിനോദ്കുമാർ. പി
(ഫിൽക്ക)



നൊബേൽ സമ്മാനജേതാവ് ബോറിസ് പാസ്റ്റർ നാക്കിന്റെ ഇതിഹാസ നോവലായ ഡോക്ടർ ഷിവാ ഗോയുടെ ചലച്ചിത്രാവിഷ്കാരം 1965 - ൽ ഡേവിഡ് ലീനിന്റെ സംവിധാനത്തിൽ പുറത്തിറങ്ങി. മൂന്ന് മണിക്കൂർ 20 മിനിറ്റ് ആണ് ചിത്രത്തിന്റെ സമയം.

**ഒന്നാം ഭാഗം :**

ലെഫ്റ്റനന്റ് ജനറൽ യെവ്ഗ്രാഫ് തന്റെ അർദ്ധസഹോദരൻ ഡോ.യൂറി ഷിവാഗോ യുടെയും (ഒമർ ഷെരീഫ്) ലാറ ആന്റി പോവയുടെയും (ജൂലി ക്രിസ്റ്റി) മകളെ അന്വേഷിക്കുന്ന രംഗത്തോടെയാണ് ചിത്രം ആരംഭിക്കുന്നത്.

അതിന്റെ ഭാഗമായി ചോദ്യം ചെയ്യപ്പെട്ട തന്യ കൊമരോവ എന്ന യുവതിയാവാം തന്റെ അനന്തരവളെന്ന് അയാൾ ചില നിഗമനങ്ങളിലൂടെ വിശ്വസിക്കുകയും ഒപ്പം അതിന് കാരണമായ കഥ അവളോട് പറയുകയും ചെയ്യുന്നു.

അമ്മയുടെ മരണശേഷം അനാഥനായ കുട്ടി യൂറിയെ കുടുംബ സുഹൃത്തുക്കളായ അലക്സാറും അന്ന ഗ്രോമെക്കോയും



മോസ്ക്കോയിലേക്ക് കൊണ്ടുപോകുന്നു. അവരുടെ സംരക്ഷണത്തിൽ വളരുന്ന യൂറി ഷിവാഗോ മുതിർന്നപ്പോൾ ഡോക്ടറും കവിയുമാകുന്നു. അവരുടെ മകളായ ടോണിയയുമായി (ജെറാൾഡിൻ ചാപ്ലിൻ) വിവാഹനിശ്ചയവും നടത്തുന്നു.

ഇതേ കാലയളവിൽ, പതിനേഴു വയസ്സുള്ള സുന്ദരിയായ ലാറയെ അവളുടെ അമ്മ യുടെ സുഹൃത്തായ വിക്ടർ കൊമറോ വ്സ്കി വശീകരിക്കാൻ ശ്രമിക്കുന്നു. ഇതിനിടയിൽ അവളുടെ അമ്മയുടെ ചികിത്സയുമായി ബന്ധപ്പെട്ട് ഡോക്ടർ യൂറി ഷിവാഗോ അവരുടെ വീട്ടിലെത്തുന്നു.

അതേ സമയം ലാറയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന അവളുടെ സുഹൃത്തും ആദർശവാദിയുമായ പാഷ ആന്റിപോവിനെ സമാധാനപരമായ ഒരു പ്രകടനത്തിന്റെ തെറ്റായ പേരിൽ കുതിരപോലീസ് പരിക്കേൽപ്പിക്കുന്നു. ലാറ പാഷയ്ക്ക് സംരക്ഷണം നൽകുന്നു.



പാഷയെ വിവാഹം കഴിക്കുന്നതിൽ നിന്ന് ലാറയെ പിന്തിരിപ്പിക്കാൻ കൊമറോ വ്സ്കി ശ്രമിക്കുന്നു. അക്കാര്യം അവൾ വിസമ്മതിക്കുന്നു. തുടർന്ന് കൊമറോ വ്സ്കി അവളെ ബലാത്സംഗം ചെയ്യുന്നു. കഠിനമായി ആഘാതമേറ്റ ലാറ, കൊമറോവ്സ്കി പങ്കെടുക്കുന്ന ഒരു ചടങ്ങിൽ വച്ച് അയാളെ വെടിവയ്ക്കുന്നു. പക്ഷെ വെടിയേറ്റത് അയാളുടെ കയ്യിലാണ്. സംഭവസ്ഥലത്തെത്തിയ പാഷ അവളെ രക്ഷപ്പെടുത്തുന്നു.

അധികം വൈകാതെ പാഷ അവളെ വിവാഹം കഴിക്കുകയും അവർ മോസ്കോ വിടുകയും ചെയ്യുന്നു. അവർക്ക് ഒരു കുഞ്ഞ് ജനിക്കുന്നു. പാഷയ്ക്ക് ഒന്നാം ലോക മഹായുദ്ധത്തിൽ പങ്കെടുക്കേണ്ട സാഹചര്യം ഉണ്ടാകുന്നു.

ഇതിനിടെ വിവാഹിതനായ യൂറി ഒരു യുദ്ധക്കളത്തിലെ ഡോക്ടറാകുന്നു. യുദ്ധത്തിൽ പരിക്കേറ്റവരുടെ എണ്ണം ദിനംപ്രതി കൂടുന്നു. യുദ്ധത്തിൽ പാഷയെ കാണാതാവുന്നതായി റിപ്പോർട്ട് വരുന്നു. തുടർന്ന് പാഷയെ അന്വേഷിക്കാൻ ഒരു നഴ്സായി ലാറ മെഡിക്കൽ സംഘത്തിൽ ചേരുകയും യൂറിയെ കണ്ടുമുട്ടുകയും ചെയ്യുന്നു. നാടുകടത്തപ്പെട്ട വ്‌ളാഡിമിർ ലെനിൻ തിരിച്ചെത്തിയതിനുശേഷം റഷ്യ യിൽ അശാന്തി വളരുന്നതിനാൽ, ആറ് മാസത്തേക്ക്, അവർക്ക് ഒരു ഫീൽഡ് ആശുപത്രിയിൽ സേവനമനുഷ്ഠിക്കേണ്ടി വരുന്നു. ഇരുവരും പ്രണയത്തിലാകുന്നു.

യുദ്ധക്കളത്തിലെ തന്റെ ഡ്യൂട്ടിയ്ക്ക് ശേഷം യൂറി നാട്ടിലേക്ക് മടങ്ങുന്നു. തന്റെ നാടാകെ മാറിയതായി അയാൾ മനസിലാ ക്കുന്നു.. സോവിയറ്റ് സർക്കാറിന്റെ കടുത്ത നിയന്ത്രണത്തിൻ കീഴിലായ അയാളുടെ



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI
KSFDC

വീട്ടിൽ മറ്റ് നിരവധി ആളുകളെയും കുടുംബങ്ങളെയും പാർപ്പിച്ചിരിക്കുന്നു. അലക്സാർ ഗ്രോമെക്കോയും ടോണിയയും യൂറിയുടെ മകൻ സാഷയുമാണ് ഇപ്പോൾ അവിടെ താമസിക്കുന്നത്.ടോണിയയുടെ മാതാവ് നേരത്തെ മരണപ്പെട്ടിരുന്നു. ആ വീട്ടിലെ ജീവിതം യൂറിയ്ക്കും കുടുംബത്തിനും ദുരിതപൂർണ്ണമാകുന്നു.

ഇതിനിടയിൽ തന്റെ അർദ്ധ സഹോദരനും ചെക്ക് ഓഫീസറുമായ യെവ്ഗ്രാഫ് ജോലിയുടെ ഭാഗമായി യൂറിയുടെ വീട്ടിലെത്തുന്നു. യൂറിയുടെ കവിതകൾ കമ്മ്യൂണിസ്റ്റ് വിരുദ്ധമായി അപല പിക്കപ്പെട്ടതായി അയാൾ അറിയിക്കുന്നു. അവിടെ നിന്നും രക്ഷപ്പെടാനായി യൂറിയാറ്റിനടുത്തുള്ള ഗ്രോമെക്കോസിന്റെ ജന്മനാടായ വരികിനോയിലേക്ക് കുടുംബ ത്തിന് യാത്ര ചെയ്യാൻ ആവശ്യമായ രേഖകൾ യെവ്ഗ്രാഫ് നൽകുന്നു.

ബോൾഷെവിക് കമാൻഡറായി മാറിയ പാഷ, സ്ട്രെൽനിക്കോവ് എന്ന പേരിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധ സേനയുമായി പോരാടുന്ന തർക്ക പ്രദേശങ്ങളിലൂടെ യൂറിയും കുടുംബവും തീവണ്ടിയിൽ വരികിനോയിലേക്ക് യാത്ര ചെയ്യുന്ന തോടുകൂടി ഒന്നാം ഭാഗം അവസാനിക്കുന്നു.

**രണ്ടാം ഭാഗം :**

അത്യന്തം മഞ്ഞ് നിറഞ്ഞ അന്തരീക്ഷത്തി ലൂടെ തീവണ്ടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. തീവണ്ടി ഇടയ്ക്ക് നിർത്തിയപ്പോൾ വെറുതെ പുറത്തിറങ്ങിയ യൂറിനെ സ്ട്രെൽനിക്കോവിന്റെ ഗാർഡുകൾ പിടിക്കൂടുന്നു. സ്ട്രെൽനിക്കോവ് (പാഷ) യൂറിയുമായി സംസാരിക്കുന്നു. തന്റെ ഭാര്യ ലാറ ഇപ്പോൾ യൂറിയാറ്റിനിലാണ് താമസി ക്കുന്നതെന്ന് സ്ട്രെൽനിക്കോവ് പറയുന്നു. യൂറിനെ മടങ്ങിപോകാൻ സ്ട്രെൽനിക്കോവ് അനുവദിക്കുന്നു.

അധികം താമസിയാതെ യൂറിനും കുടുംബ വും വരികിനോയിലെ അവരുടെ വീട് കണ്ടെത്തുന്നു. എന്നാൽ ബോൾഷെവി ക്കുകൾ വീട് സീൽ ചെയ്തിരിക്കുന്ന തിനാൽ അവർക്ക് തൊട്ടടുത്തുള്ള ചെറിയ കെട്ടിടത്തിൽ താമസമാക്കേണ്ടി വരുന്നു. ചെറിയ കൃഷിപണികളും മറ്റുമായി ആ കുടുംബം ജീവിച്ചു തുടങ്ങുന്നു.



യൂറിയാറ്റിനിൽ വച്ച് യൂറി ലാറയെ കണ്ടെത്തുന്നു. അവർ പരസ്പരം മനസ്സിലാക്കി ഒരു പ്രണയത്തിന് തുടക്കം കുറിക്കുന്നു. എന്നാൽ ടോണിയ രണ്ടാമത്തെ ഗർഭം ധരിക്കവേ, യൂറി ലാറയുമായി ബന്ധം വേർപെടുത്താൻ ശ്രമിക്കുന്നു.

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

ഇതിനിടെ കമ്മ്യൂണിസ്റ്റ് പക്ഷക്കാർ യൂറിയെ പിടിക്കൂടുകയും ഭീഷണിപ്പെടുത്തി അവരുടെ സൈന്യത്തിലെ ഡോക്ടറായി നിയമിക്കുകയും ചെയ്യുന്നു.

കഠിനമായ രണ്ട് വർഷങ്ങൾക്ക് ശേഷം, യൂറി അവിടെ നിന്നും രക്ഷപ്പെടുന്നുവെങ്കിലും വരികിനോയിലെത്താനോ തന്റെ കുടുംബത്തെ കണ്ടെത്താനോ സാധിക്കുന്നില്ല. അവസാനം അയാൾ ലാറയെ കണ്ടുമുട്ടുന്നു. യൂറിയെ തിരയുന്നതിനിടെ ടോണിയ തന്നെ ബന്ധപ്പെട്ടുവെന്നും യൂറിയുടെ സാധനങ്ങൾ തന്നെ ഏൽപ്പിച്ചുവെന്നും ലാറ അയാളോട് പറയുന്നു. കൂടാതെ ടോണിയ ഒരു പെൺകുട്ടിക്ക് ജന്മം നൽകിയെന്നും വരികിനോയിലെ നാടുകടത്തലിനെത്തുടർന്ന് അവളും പിതാവും രണ്ട് കുട്ടികളും പാരീസിലേക്ക് പോയതായും ലാറ പറയുന്നു.

യൂറിയും ലാറയും വീണ്ടും ഒന്നിക്കുന്നു. എന്നാൽ ഒരു നാൾ കൊമറോവ്സ്കി അവിടെ എത്തുന്നു. സ്ട്രെൽനിക്കോവുമായുള്ള (പാഷ) ലാറയുടെ വിവാഹം കാരണം ചെക്ക് ഏജന്റുമാർ അവരെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും റഷ്യയിൽ നിന്ന് രക്ഷപ്പെടാൻ കൊമറോവ്സ്കി അവർക്ക് സഹായം ചെയ്യാമെന്നും പറയുന്നു. പക്ഷേ കൊമറോവ്സ്കിയുടെ വാഗ്ദാനം അവർ നിരസിക്കുകയും വരികിനോയിലെ (ബോൾഷേവിക്കുകൾ സീൽ വച്ച) വീട്ടിൽ പോയി ഒളിച്ചു താമസിക്കുകയും ചെയ്യുന്നു.

യൂറി കവിതകൾ വീണ്ടും എഴുതി തുടങ്ങുന്നു. അവരുടെ സന്തോഷമായ ജീവിതത്തിനിടെ, ഉന്നത ഉദ്യോഗസ്ഥനായി മാറിയ കൊമറോവ്സ്കി സൈനികരുമായി



അവിടെ എത്തുന്നു. യൂറിയോട് സ്ട്രെൽനിക്കോവ് പിടിക്കപ്പെട്ടതായും തുടർന്ന് അയാൾ ആത്മഹത്യ ചെയ്തതായും പറയുന്നു. ലാറയുടെ ജീവന് ആപത്താണെന്ന് മനസ്സിലാക്കി അവളെ രക്ഷപ്പെടുത്താൻ യൂറി കൊമറോവ്സ്കിയുടെ സുരക്ഷിതമായ വാഗ്ദാനം സ്വീകരിക്കുന്നു. പക്ഷേ ലാറയോടൊപ്പം യൂറി പോകുന്നില്ല. ഇതിനിടെ ലാറ ഗർഭിണിയാണെന്ന വിവരം അവൾ കൊമറോവ്സ്കിയോട് പറയുന്നു.

പിന്നീട് യെവ്ഗ്രാഫിന്റെ സഹായത്താൽ യൂറിയ്ക്ക് മോസ്കോയിൽ മെഡിക്കൽ ഫീൽഡിൽ ജോലി ലഭിക്കുന്നു. ഒരിക്കൽ യൂറി അപ്രതീക്ഷിതമായി ലാറയെ തെരുവിൽ വച്ച് കാണുന്നുവെങ്കിലും അവളെ സമീപിക്കുന്നതിന് തൊട്ടുമുമ്പ് മാരകമായ ഹൃദയാഘാതം സംഭവിച്ച് മരണപ്പെടുന്നു.

യൂറിയുടെ ശവസംസ്കാര ചടങ്ങിൽ വച്ച് യെവ്ഗ്രാഫിനെ കണ്ടുമുട്ടുന്ന ലാറ, ആഭ്യന്തരയുദ്ധകാലത്ത് കാണാതായ തന്റെയും യൂറിയുടെയും മകളെ കണ്ടെത്താൻ സഹായം ആവശ്യപ്പെടുന്നു. തുടർന്ന് അനാഥാലയങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ തിരയാൻ യെവ്ഗ്രാഫ് അവളെ സഹായിക്കുന്നുവെങ്കിലും നിരാശയായിരുന്നു ഫലം. എന്നാൽ ഒരിക്കൽ ലാറയും അപ്രത്യക്ഷമാകുന്നു.

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

ഇപ്പോൾ തന്റെ മുന്നിലിരിക്കുന്ന തന്യ കൊമറോവ യൂറിയുടെയും ലാറയുടെയും മകളാണെന്ന് യെവ്ഗ്രാഫ് വിശ്വസിക്കുന്നു. ചെറുപ്രായത്തിൽ, യുദ്ധസമയത്ത് എങ്ങനെയാണ് വഴിതെറ്റിപ്പോയത് എന്ന് ചോദിച്ചപ്പോൾ ബോംബാക്രമണത്തിൽ നിന്ന് അവർ രക്ഷപ്പെട്ട് ഓടിപ്പോകുമ്പോൾ അച്ഛൻ (കൊമറോവ്സ്കി) തന്നെ ഉപേക്ഷിച്ചുവെന്ന് തന്യ മറുപടി നൽകുന്നു. ഒരു യഥാർത്ഥ പിതാവ് ഒരിക്കലും അങ്ങനെ ചെയ്യില്ലെന്ന് യെവ്ഗ്രാഫ് അവളോട് പറയുന്നു. യൂറിയാണ് അവളുടെ യഥാർത്ഥ അച്ഛൻ എന്ന യെവ്ഗ്രാഫിന്റെ നിഗമനങ്ങൾ പരിഗണിക്കാമെന്ന് തന്യ വാഗ്ദാനം ചെയ്യുന്നു. യെവ്ഗ്രാഫ് അവളെ സന്തോഷത്തോടെ യാത്രയാക്കുന്നതോടു കൂടി ചിത്രം അവസാനിക്കുന്നു.

ചരിത്രത്തിന്റെ ചുട്ടെരിച്ച മണ്ണിൽ നിന്നും അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ വിലാപത്തിൽ നിന്നുമാണ് പാസ്റ്റർനാക്ക് ഈ വിപ്ലവ നോവൽ എഴുതിയത്. ജീവിതവും മരണവും, പ്രപഞ്ചവും പ്രകൃതിയും, കലാപവും അതിജീവനവും, കലയും ദൈവങ്ങളും, പ്രണയവും വിരഹവും, യുദ്ധവും സമാധാനവും തുടങ്ങി സമസ്ത മേഖലകളും ഉൾപ്പെടുന്നു എന്നുള്ളതു കൊണ്ടു തന്നെയാണ് ഈ കൃതി എക്കാലത്തെയും ഇതിഹാസമായി മാറുന്നത്.

ഈ മഹത്തായ കൃതിയോട് നീതി പുലർത്താൻ സിനിമയിലെ അണിയറ പ്രവർത്തകർക്ക് കഴിഞ്ഞു എന്ന് നിസ്സംശയം പറയാം. തീവണ്ടി യാത്രയും അനുബന്ധ കലാസംവിധാനങ്ങളും എടുത്ത് പറയേണ്ടതാണ്.ഓസ്കാർ അവാർഡുൾപ്പെടെയുള്ള പുരസ്കാരങ്ങൾ നേടിയ ചിത്രം സാമ്പത്തികമായും വൻ വിജയമായി മാറി.




November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

# ബോറിസ് പാസ്റ്റർനാക്ക്



ഷീബ . എസ് . ജെയിംസ്
(ഫിൽക്ക)



ബോറിസ് പാസ്റ്റർനാക്ക് . മഹാനായ റഷ്യൻ കവി. ഡോക്ടർ ഷിവാഗോ എന്ന നോവലിന്റെ രചയിതാവ്. 1958 - ൽ സാഹിത്യത്തിലെ നോബൽ സമ്മാനജേതാവ് .

1890 ഫെബ്രുവരി 10 ന് റഷ്യയിലെ മോസ്കോയിലാണ് അദ്ദേഹം ജനിച്ചത്. പിതാവ് പെയിന്റിംഗ്, ശില്പം, വാസ്തു വിദ്യ ഇവ പഠിപ്പിച്ചിരുന്ന ഒരു പ്രൊഫസർ ആയിരുന്നു. നോവലിസ്റ്റ് ലിയോ ടോൾസ്റ്റോയ്, സംഗീത സംവിധായകൻ റാച്ച്മാനിനോവ് സ്കോബിൻ, കവി റേയ്നർ മരിയ റിൽക്കെ എന്നിവർ വീട്ടിലെ അതിഥികളായിരുന്നു. അമ്മ റോസകോഫ് മാൻ ഒരു പിയാനിസ്റ്റ് ആയിരുന്നു. അലക്സ് എന്ന ഒരു സഹോദരനും, ലിഡിയ, ജോസെഫിൻ എന്നീ രണ്ട് സഹോദരിമാരും അദ്ദേഹത്തിനുണ്ടായിരുന്നു.

ബോറിസ് പാസ്റ്റെർനാക്ക് മോസ്കോ സർവകലാശാലയിലും, ജർമ്മനിയിലെ മാർബർഗ് സർവകലാശാലയിലും വിദ്യാഭ്യാസം പൂർത്തിയാക്കി 1912-ൽ തത്വചിന്തയിലേക്ക് തിരിഞ്ഞു. അതിന് മുൻപ് 6 വർഷം അദ്ദേഹം സംഗീതവും പഠിച്ചു. കവിത എഴുതാനും തുടങ്ങിയിരുന്നു.

ഒന്നാം ലോക മഹായുദ്ധ സമയത്ത് സൈന്യത്തിൽ നിന്ന് ശാരീരികമായി അയോഗ്യനാക്കപ്പെട്ട അദ്ദേഹം യുറൽ പർവ്വതനിരകളിലെ ഒരു കെമിക്കൽ ഫാക്ടറിയിൽ ജോലി ചെയ്തു. വിപ്ലവത്തിന് ശേഷം സോവിയറ്റ് വിദ്യാഭ്യാസ കമ്മീഷണറേറ്റ് ഓഫ് എഡ്യൂക്കേഷന്റെ ലൈബ്രറിയിൽ പാസ്റ്റർ നാക്കിന് ഒരു സ്ഥാനം ലഭിച്ചു. 1913 - ൽ തന്റെ ആദ്യ കവിതാ സമാഹാരം പ്രസിദ്ധീകരിച്ചു. പോവെർക്ക്ബാരിയ റോവ് (1917 ), ഔവർ ദി ബാരിയേഴ്സ്,





മൈ സിസ്റ്റർ ലൈഫ് (1922) എന്നീ വാല്യങ്ങളിലൂടെ അദ്ദേഹം ഒരു പ്രധാന കവിയായി അംഗീകരിക്കപ്പെട്ടു. തുടർന്ന് കൂടുതൽ സമാഹാരങ്ങൾ പുറത്തിറക്കി.

തീമുകളും വേരിയേഷൻസും (1923), സ്പെക്റ്റോർസ്കി (1926), ലെഫ്റ്റനന്റ് ഷ്മഡിറ്റ് ദി ഇയർ, സെക്കന്റ് ബെർത്ത്... തുടങ്ങിയ കവിതകൾ സംഗീതാത്മകതയും, ഇമ്പ്രഷനിലിസം കൊണ്ടും ശ്രദ്ധേയമായി. ജോസഫ് സ്റ്റാലിന്റെ ഭരണകാലത്ത് സോഷ്യലിസ്റ്റ് റിയലിസത്തിന്റെ ശൈലിയിൽ എഴുതാത്തതിനാൽ ഉണ്ടായ സമ്മർദ്ദങ്ങൾ മൂലം പാസ്റ്റർനാക്ക് തന്റെ കവിതകൾ പ്രസിദ്ധീകരിക്കാൻ ഭയപ്പെട്ടു. ആ സമയം ഇംഗ്ലീഷ് നാടകകൃത്ത് വില്യം ഷേക്സ് പിയർ, ജർമ്മൻ എഴുത്തുകാരൻ ജോഹാൻ, വുൾഫ്ഗാങ് വോൺ ഗോഥെ, ഫ്രഞ്ച് കവി പോൾ വെർലൈൻ, റിൽക്കെ എന്നിവരുടെ സാഹിത്യ കൃതികളുടെ വിവർത്തകൻ ആയി അദ്ദേഹം അറിയപ്പെട്ടു. 1943 – ൽ ഓൺ ഏർലി ട്രെയിനുകൾ എന്ന കവിതാ സമാഹാരം പ്രസിദ്ധീകരിച്ചു.

ബോറിസ് പാസ്റ്റർനാക്ക് വർഷങ്ങളോളം എടുത്ത് എഴുതിയ നോവലാണ് ഡോക്ടർ ഷിവാഗോ . 1956 – ൽ പൂർത്തിയാക്കി യെങ്കിലും സോവിയറ്റ് അധികാരികൾ പ്രസിദ്ധീകരണം നിരസിച്ചു. 1957 – ൽ ഒരു പകർപ്പ് ഇറ്റാലിയൻ വിവർത്തനത്തിൽ വന്നു. 1958 ആയപ്പോഴേക്കും ഇംഗ്ലീഷ് ഉൾപ്പടെ 18 ഭാഷകളിലേക്ക് അത് വിവർത്തനം ചെയ്തു. ഇതിഹാസമായ ഒരു ഗാന രചനാ ശൈലിയും, വിപ്ലവത്തിന് മുന്പും ശേഷവും ഉള്ള റഷ്യയുടെ രാഷ്ട്രീയ അവസ്ഥകൾ ഒരു പ്രണയക ഥയുടെ പശ്ചാത്തലത്തിൽ സംയോജി പ്പിച്ചിരിക്കുന്നു.

നോബൽ സമ്മാനം നേടിയതോടെ ലോകമെമ്പാടും നോവലിന് കൂടുതൽ പ്രചാരം കിട്ടി. സോവിയറ്റ് യൂണിയൻ അദ്ദേഹത്തിനെതിരെ എടുത്ത നടപടികൾ ഇതിന്റെ പ്രചാരത്തിനു മറ്റൊരു കാരണ വുമായി. വൈവിധ്യങ്ങൾ വെളിപ്പെടുത്തി യതിനാൽ സോവിയറ്റ് യൂണിയനിലെ സൈനിക ഭരണകൂടത്തെ നോവൽ പ്രകോപിപ്പിച്ചു. അക്കാരണത്താൽ നോബൽ സമ്മാനം അദ്ദേഹത്തിന് നിരസിക്കേണ്ടി വന്നു. എന്നാൽ 1989 – ൽ പാസ്റ്റർ നാക്കിന്റെ മകൻ യെവ്ജനി പിതാവിന് വേണ്ടി അവാർഡ് സ്വീകരിച്ചു. 2003 മുതൽ ഡോക്ടർ ഷിവാഗോ റഷ്യൻ സ്കൂൾ പഠന പദ്ധതി യിലെ ഭാഗമാണ്.

1922 –ൽ ആർട്ട് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥി നിയായ എവ്ജെനിയ ലൂറിയയെ പാസ്റ്റർ നാക്ക് വിവാഹം കഴിച്ചു. അടുത്ത വർഷം അവർക്ക് യെവ്ജെനി എന്ന മകൻ ജനിച്ചു. 1932 – ൽ റഷ്യൻ പിയാനിസ്റ്റിന്റെ ഭാര്യ സൈനൈഡയുമായി പ്രണയത്തി ലാവുകയും അവരെ വിവാഹം കഴിക്കു



കയും ചെയ്തു. രണ്ട് ആൺമക്കൾ ആണ് അദ്ദേഹത്തിന് ഉള്ളത്.

1910 കളിലും, 1920 കളിലും ആധുനി കതയെ ആധാരമാക്കിയുള്ള ഒരു കവിയായി ബോറിസ് പാസ്റ്റർനാക്ക് ഉയർന്നു വന്നിരുന്നു. 1930 -കളിൽ തന്റെ എഴുത്തിൽ കൂടുതൽ ലളിതമായ ഭാഷ ഉപയോഗിച്ച് സാമൂഹിക ശ്രദ്ധ പിടിച്ചു പറ്റി. പ്രകൃതി, ജീവിതം, മനുഷ്യത്വം, സ്നേഹം എന്നിവ തന്റെ കൃതികളിൽ അദ്ദേഹം അഭിസംബോധന ചെയ്തു. 1905 - ലെ സോഷ്യലിസ്റ്റ് വിപ്ലവം മുതൽ രണ്ടാം ലോക മഹായുദ്ധം വരെയുള്ള സത്യമായ കാര്യങ്ങൾ തുറന്നെഴുതി പ്രശംസ പിടിച്ചു പറ്റിയ നോവൽ ഡോക്ടർ ഷിവാഗോയ്ക്ക് ശേഷം രണ്ടാമത്തെ ആത്മ കഥാപരമായ ആൻ എസ്സേ ഇർ ഓട്ടോ ബയോഗ്രാഫി 1959 - ൽ സോവിയറ്റ് യൂണിയന് പുറത്താണ് പ്രസിദ്ധീകരിച്ചത്.

അവസാന വർഷങ്ങൾ മോസ്കോയ്ക്ക് അടുത്തുള്ള എഴുത്തുകാരുടെ ഗ്രാമമായ പെരേഡെൽകിനോയിലെ വീട്ടിലാണ് ചെലവഴിച്ചത്. ശ്വാസകോശ അർബുദത്തെ തുടർന്ന് 1960 മെയ് 30 വൈകുന്നേരം സ്വവസതിയിൽ വച്ച് അദ്ദേഹം അന്തരിച്ചു .



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI
KSFDC

# ഡേവിഡ് ലീൻ



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി



കഴിഞ്ഞ നൂറ്റാണ്ടിൽ ലോകം കണ്ട ചലച്ചിത്രപ്രതിഭകളിൽ തനതായ ശൈലിയിലൂടെ ശ്രദ്ധേയനായ സംവിധായകനാണ് ബ്രിട്ടീഷ് ചലച്ചിത്രകാരനായ ശ്രീ. ഡേവിഡ് ലീൻ.

ചെറുപ്രായത്തിൽ സെറ്റിലെ സഹായിയായി കൂടിയ ലീനിന്റെ ആദ്യ മേഖല എഡിറ്റിംഗ് ആയിരുന്നു. 25 ഓളം സിനിമകളിൽ എഡിറ്ററായി പ്രവർത്തിച്ച അനുഭവവുമായാണ് ലീൻ, 1942 ൽ തന്റെ ആദ്യ സിനിമയുടെ സംവിധായകനാകുന്നത്.

അന്നേ പ്രസിദ്ധ സംവിധായകനും രചയിതാവുമായിരുന്ന നോയൽ കൊവാർഡ് (Noel Coward ) മായി സംയുക്തമായാണ് ആദ്യ സിനിമയായ In Which We Serve ലീൻ സംവിധാനം ചെയ്യുന്നത്. തകർന്നു കൊണ്ടിരിക്കുന്ന നൗകയ്ക്കുള്ളിൽ അതിലെ തൊഴിലാളികൾ തമ്മിൽ നടക്കുന്ന തർക്കങ്ങളും സംഘർഷങ്ങളും ഉദ്വേഗജനകമായ സന്ദർഭങ്ങളിലൂടെ, ക്രമമായി പരസ്പരം വളർന്നുവരുന്ന അടുപ്പവും എല്ലാം ചേർന്ന് മാനവികതയുടെ ഉദാത്ത ഭാവത്തിലേക്കാണ് ആദ്യ സിനിമ നമ്മെ കൊണ്ടു പോകുന്നത്. ഈ മാനവികതാ സങ്കൽപ്പം ഒരു പൊതു ധാരയായി ലീനിന്റെ സിനിമയിലുടനീളം നമുക്ക് കാണാവുന്നതാണ്.

നോയൽ കൊവാർഡിന്റെ തിരക്കഥയിൽ 1945 ൽ സംവിധാനം ചെയ്ത Brief Encounter ‘ ഓസ്കാർ നോമിനേഷനിലേക്കും കാൻ ചലച്ചിത്രോത്സവത്തിലേക്കും അദ്ദേഹത്തെ കൊണ്ടെത്തിച്ചു.

തുടർന്ന് സംവിധാനം ചെയ്ത, ചാൾസ് ഡിക്കൻസിന്റെ രണ്ട് നോവലുകൾ - Great Expectation (1946) ഉം Oliver Twist(1948) ഉം ഡേവിഡ് ലീൻ എന്ന സംവിധായകനെ കൂടുതൽ ശ്രദ്ധേയനും ജനകീയനുമാക്കി.



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI



സാഹിത്യകൃതികളുടെ ചലച്ചിത്രാവിഷ്കാരത്തിൽ ലീൻ പുലർത്തുന്ന കയ്യടക്കവും പ്രമേയഭദ്രതയും വളരെയേറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. H .G. Wells ന്റെ The Passionate Friends , Harold Brighouse ന്റെ നാടകം Hobson's Choice' , Arthur Laurents ന്റെ നാടകമായ The time of the cuckoo നെ ആധാരമാക്കിയുള്ള ' Summer Time ', EM Foster ടെ നോവലിന്റെ ആവിഷ്കാരമായ ' A Passage to India തുടങ്ങിയ ശ്രദ്ധേയങ്ങളായ ചലച്ചിത്രാവിഷ്കാരങ്ങളായിരുന്നു. ഇവയിൽ Summer time (Summer Madnes) ലീനിന്റെ ഏറ്റവും പ്രിയപ്പെട്ട സിനിമകളിലൊന്നായിരുന്നു.

ചരിത്രസംഭവങ്ങളോടുള്ള അദ്ദേഹത്തിന്റെ ആകർഷകത്വം epic സ്വഭാവമുള്ള നിരവധി സിനിമകൾക്ക് വഴിയൊരുക്കി. തനതായ ഒരു epic രചനാശൈലിയും ലീനിന് സ്വന്തമായുണ്ടായിരുന്നു. ആദ്യത്തെ Oscar അവാർഡിന് അർഹനാക്കിയ 'The Bridge on the River Kwai (1957) തായ്‌ലന്റിലെ ജപ്പാൻ പട്ടാള ക്യാമ്പിൽ എത്തപ്പെട്ട ബ്രിട്ടീഷ് യുദ്ധത്തടവുകാരുടെയും അവരെ ഉപയോഗിച്ചുള്ള പാലം നിർമ്മാണത്തിന്റെയും സംഭവങ്ങൾക്കിടയിൽ ഒരു ബ്രിട്ടീഷ് പട്ടാള ഉദ്യോഗസ്ഥനും ജപ്പാൻ കേണലിനും ഇടയിൽ വളർന്നു വരുന്ന ആത്മബന്ധത്തി ന്റെ കഥ സമാന്തരമായി വികസിപ്പിക്കുന്നുണ്ട്.

വ്യക്തിബന്ധങ്ങളിലെ ഊഷ്മളത എന്നും ലീനിന്റെ ഇഷ്ട വിഷയമായിരുന്നു. ഒന്നാം ലോകയുദ്ധകാലത്ത് ഓട്ടോമാൻ സാമ്രാജ്യത്തിനെതിരെ നടന്ന അറബ്- പാലസ്തീൻ പോരാട്ടങ്ങളിലെ ബ്രിട്ടീഷ് ജനറലായിരുന്ന T. E. Lawrance നെക്കുറിച്ചുള്ള biopic Bb ' Lawrance of Arabia (1962) യും സംവിധായകനുള്ള ഓസ്കാർ അവാർഡ് നേടിക്കൊടുത്ത സിനിമയാണ്.

ഡേവിഡ് ലീനിന്റെ എക്കാലത്തേയും പ്രശസ്തമായ സിനിമയാണ് 1965 ൽ പുറത്തിറങ്ങിയ Doctor Zhivago റഷ്യൻ കവിയായ ബോറിസ് പാസ്റ്റർനാക്കിന്റെ പ്രശസ്തവും വിവാദപരവുമായ നോവലിന്റെ യഥാതഥമായ ചലച്ചിത്രാവിഷ്കാരമായിരുന്നു അത്. അഭിനയത്തിന്റെയും ദൃശ്യപരതയുടെയും കാര്യത്തിൽ വളരെയേറെ ശ്ലാഘിക്കപ്പെട്ടിരുന്നു ഈ ചിത്രം. മനുഷ്യബന്ധങ്ങളുടെ കാല്പനികതയെ ചരിത്ര സന്ദർഭങ്ങൾക്കുള്ളിൽ സൂക്ഷ്മതയോടെ സന്നിവേശിപ്പിച്ച ലീനിന്റെ കരവിരുത് ശ്രദ്ധേയമാണ്.





1970 ൽ പുറത്തിറങ്ങിയ Ryan s Daughter ലീനിന്റെ സിനിമാ ജീവിതത്തിൽ വല്ലാത്ത നിരാശയുണ്ടാക്കിയ ഒന്നായിരുന്നു. സാമ്പത്തികമായി പരാജയമായതിനെത്തുടർന്ന് വർഷങ്ങളോളം അദ്ദേഹം ചലച്ചിത്രരചനയിൽ നിന്നും വിട്ടു നിന്നു.

ഒടുവിൽ 14 വർഷത്തിനു ശേഷം , 1984ൽ , ഒരു തിരിച്ചു വരവായി ലീൻ സംവിധാനം ചെയ്ത A Passage to India അദ്ദേഹത്തിന്റെ അവസാന സിനിമയായും മാറി. മികച്ച പ്രതികരണം ലഭിച്ച ഈ ചിത്രത്തിലെ അഭിനയത്തിന് പ്രസിദ്ധ നടി Peggy Ashcroft തന്റെ 77-ാമത്തെ വയസ്സിൽ മികച്ച സഹ നടിക്കുള്ള Oscar അവാർഡിന് അർഹയായി.

1991 ൽ ക്യാൻസർ ബാധിച്ച് മരിക്കുന്നതിന് മുൻപ് നടത്തിയ ശ്രമങ്ങൾ പലതും പല കാരണങ്ങളാൽ മുടങ്ങിപ്പോകുകയായിരുന്നു. 7 തവണ മികച്ച സംവിധായകനുള്ള ഓസ്കാർ നോമിനേഷന് അർഹനായിട്ടുള്ള ഡേവിഡ് ലീൻ രണ്ട് തവണ അവാർഡ് നേടിയിട്ടുണ്ട്. ലോകത്തെ മികച്ച 100 സിനിമകളുടെ പട്ടികയിൽ എല്ലായ്പ്പോഴും ഡേവിഡ് ലീനിന്റെ ഒന്നിലധികം സിനിമകൾ സ്ഥാനം പിടിക്കാറുണ്ട്. പ്രമേയവും ശൈലിയും സമന്വയിപ്പിച്ചുകൊണ്ടുള്ള തനത് പാതയിൽ ഋജുവായി കഥ പറഞ്ഞു പോകുന്ന ലീനിന്റെ സിനിമകൾ ഇനിയുമേറെക്കാലം പ്രേക്ഷകശ്രദ്ധയിലുണ്ടാകും. ●



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

# വേർക്ക് മീസ്റ്ററുടെ രാഗലയങ്ങൾ അഥവാ ചെറുത്തുനിൽപ്പിന്റെ വിഷാദം




**Sabu Sankar**
Novelist, Film Writer, Director


ലോകസിനിമയിൽ അത്യപൂർവ്വ മായ സ്ഥാനം അലങ്കരിക്കുന്ന ചലച്ചിത്രസൃഷ്ടി കളാണ് ഹംഗേറിയൻ സിനിമയുടെ ചരിത്രത്തിലുള്ളത്. സോൾ ത്താൻ ഫാബ്രി, കരോളി മാക്, മിക്ളോസ് ജാങ്സോ, ഇസ്തവാൻ സാബോ, ഇസ്താവാൻഗാൾ, മാർത്ത മെസാറോസ് തുടങ്ങിയ സംവിധാ യകർ ലോക സിനിമ യിൽ ശ്രദ്ധേയരാണ് . പ്രമേയത്തിലും ആഖ്യാനത്തിലും ദൃശ്യ ഭാഷയിലും നൂതനമായ സങ്കേതങ്ങൾ അവർ കണ്ടെത്തി . ആ സർഗ്ഗധാരയുടെ തുടർച്ചയിൽ അതിനൂതന പ്രതീകഭാഷ ആവിഷ്കരിച്ച സംവിധായകനാണ് ബേല താർ . ഐ എഫ് എഫ് കെ യിൽ അദ്ദേഹത്തിന് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം സമ്മാനിച്ചിട്ടുണ്ട് .

2025 ൽ നോബൽ സമ്മാന ജേതാവായ ഹംഗേറിയൻ നോവലിസ്റ്റ് ക്രസ്ന ഹോർക്ക യുടെ മേലാങ്കലി ഓഫ് റെസിസ്റ്റൻസ് എന്ന നോവലിന്റെ ചലച്ചിത്ര ആവിഷ്കാരമാണ് വേർക്ക് മീസ്റ്ററുടെ രാഗലയങ്ങൾ അഥവാ ചെറുത്തുനിൽപ്പിന്റെ വിഷാദം .

സാധാരണ സിനിമാരംഗങ്ങൾ കാണുന്നത് പോലെ ഈ സിനിമയെ ആരും സമീപി ക്കരുത്. കാരണം യാഥാർഥ്യങ്ങളുടെ നേർദൃശ്യ പരിചരണമല്ല നാം കാണുന്നത് . സാമൂഹിക രാഷ്ട്രീയ കാലാവസ്ഥയുടെ പ്രതീകഭാഷയാണ് മൊത്തത്തിൽ ഈ സിനിമ .സിനിമയുടെ ഒഴുക്കിൽ ഒരു വിഷാദഭാവം തങ്ങിനിൽക്കുന്നു. ഫാസിസത്തെക്കുറിച്ചും യുക്തിയുടെ മയക്കത്തെ കുറിച്ചും സമൂഹത്തിൽ അദൃശ്യമായി പതിയിരിക്കുന്ന അധികാരത്തിന് മുന്നിൽ കീഴടങ്ങാനുള്ള വാഞ്ഛയെക്കുറിച്ചും മനുഷ്യരാശി വളരെ



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI
KSFDC



എളുപ്പത്തിൽ കീഴടങ്ങാൻ സാധ്യതയുള്ളതിനെക്കുറിച്ചും സിനിമയിലെ വിഷാദാത്മകത സൂചിപ്പിക്കുന്നുണ്ട്. ചെറുത്തുനിൽപ്പിന്റെ വിഷാദമാണത് .

ദൃശ്യങ്ങളിൽ നിന്ന് നാം കാഴ്ചയ്ക്ക് അപ്പുറം നിൽക്കുന്ന അർത്ഥതലങ്ങൾ കൂടി ഉൾക്കൊള്ളേണ്ടതുണ്ട്. അത്ര എളുപ്പത്തിൽ അർത്ഥങ്ങൾ മനസിലാവണമെന്നില്ല. രൂപകങ്ങളിൽ നിന്ന്,ധ്വനികളിൽ നിന്ന് അർത്ഥം ഗ്രഹിക്കുമെങ്കിൽ നാം അപൂർവ്വമായൊരു ആസ്വാദന ലോകത്തിലാവും. കലയുടെ സംവേദനക്ഷമത അത്രമാത്രം ഉയർന്ന നിലവാരത്തിലാണ്. ഇത്തരം സവിശേഷതലങ്ങൾ ആന്ദ്രേ താർക്കോവ്സ്കി, തിയോ ആഞ്ചലോ പൗലോസ് , ജൊഡോറോവ്സ്കി തുടങ്ങിയവരുടെ സിനിമകളിൽ നാം കണ്ടിട്ടുള്ളതാണ് . ഈ സിനിമയുടെ ഉറവിടമായ സാഹിത്യ ബോധത്തിന്റെ ഗഹനതയോട് അനുരൂപപ്പെട്ടെങ്കിലേ ചലച്ചിത്ര കലയുടെ ഗുപ്തവിസ്മയം ആസ്വദിക്കാനാവൂ .

രാജ്യത്തിന്റെ പേര് വെളിപ്പെടുത്തിയിട്ടില്ലെങ്കിലും ധ്വനിരൂപത്തിൽ അത് ഹംഗേറിയൻ പീപ്പിൾസ് റിപ്പബ്ലിക് ആണ് - അത് കാലഘട്ടവുമായി സമരസപ്പെടുന്നു. അതിനാൽ രാജ്യത്തിന്റെ പേര് പരാമർശിച്ചിട്ടില്ല. ഭരണകൂടത്തെ എതിർക്കുന്ന വിമതരെ പാർപ്പിച്ചിരിക്കുന്ന സങ്കേതം ഒരു പക്ഷെ ഒരു മാനസിക ചികിത്സാലയം പോലെ തോന്നിയേക്കാം .

ഹംഗറിയിലെ പേരില്ലാത്തതും വിജനവും ഒറ്റപ്പെട്ടതുമായ ഒരു ചെറിയ പട്ടണത്തിൽ, ശൈത്യകാലത്ത്, രാത്രിയിൽ, ഒരു യുവ പത്രവിതരണക്കാരനായ ജാനോസ് വലുസ്ക, ബാറിലേക്ക് വരുന്നു. മദ്യപരിൽ ചിലരെ പങ്കെടുപ്പിച്ച് സൂര്യന്റെ പൂർണ്ണ ഗ്രഹണത്തെക്കുറിച്ച് ഒരു പ്രകടനം നടത്തുന്നു. ഒരാൾ സൂര്യനായി നിൽക്കുന്നു. മറ്റൊരാൾ ഭൂമിയായി ഭ്രമണം ചെയ്യുന്നു. വേറൊരാൾ ചന്ദ്രനാണ്. അയാൾ ഭൂമിയെ ചുറ്റി ഭ്രമണം ചെയ്യുന്നു. ബാറിലുള്ളവരും പ്രകടനത്തിൽ പങ്കെടുക്കുന്നു. സൂര്യ ഗ്രഹണം ആവിഷ്ക്കരിക്കുമ്പോൾ അത് മൃഗങ്ങളെ അസ്വസ്ഥമാക്കുകയും പിന്നീട് നിശബ്ദമാക്കുകയും ചെയ്യുന്ന അവസ്ഥയെയും പ്രകടമാക്കുന്നു . ചൂടുള്ള സൂര്യപ്രകാശത്തിന്റെ മഹത്തായ തിരിച്ചുവരവോടെയാണ് ഈ ഭീതിദ നിശ്ചലാവസ്ഥ അവസാനിക്കുന്നത്.

അധികാരത്തിന്റെയും സാമൂഹിക ഹിസ്റ്റീരിയയുടെയും പ്രപഞ്ച തകർച്ചയുടെയും ലോകാവസാനത്തിന്റെയും ഒക്കെ സൂചക



ങ്ങൾ സിനിമയിലുണ്ട്. സിനിമയുടെ ഭയാനക മൂകതയും മന്ദഭാവവും ബ്ലാക്ക് ആൻഡ് വൈറ്റ് ദൃശ്യവും സിനിമയുടെ വ്യാകരണമാണ് .

പ്രമേയത്തിന്റെ ആത്മീയ വശം, അതിന്റെ രാഷ്ട്രീയ നിഗൂഢത, സംഭാവ്യതയുടെ അജ്ഞാതത്വം, ദീർഘമായ സ്വപ്ന-വേഗം, ഓവർഡബ്ബിംഗിലൂടെ നേടിയെടുക്കുന്ന പിറുപിറുപ്പോടെയുള്ള സംയമനം പാലിച്ച സംഭാഷണം, ഭൂപ്രകൃതിയിലൂടെയുള്ള നീണ്ട നടത്തത്തിൽ കാണുന്ന അക്ഷമ - ഇവയൊക്കെയും ഉൾക്കൊണ്ടു വേണം ഈ സിനിമയെ സമീപിക്കാൻ .

നഗരവീഥിയിലൂടെ വാക്കുകളില്ലാതെ നിശബ്ദത പാലിച്ചുകൊണ്ട് രണ്ട് പുരുഷന്മാർ ഒരുമിച്ച് നടക്കുന്ന അസാധാരണമായ ക്ലോസ്-അപ്പ് സീക്വൻസ്, മിനിറ്റുകൾക്കകം മുഖങ്ങളുടെ പാർശ്വദൃശ്യം എന്നിങ്ങനെ പൊതുവെ ഫിലിം സ്കൂളുകൾ പ്രോത്സാഹിപ്പിക്കാത്ത തരത്തിലുള്ള ഷോട്ടുകളുടെ പ്രയോഗം വിഭ്രാന്തമായ ആനന്ദമുളവാക്കിയേക്കാം. ആസ്വാദനത്തിൽ അസ്വസ്ഥതയുടെ താളഭംഗം അലോസരപ്പെടുത്തിയേക്കാം .

സംഗീതസംവിധായകനും സംഗീതജ്ഞനുമായ തന്റെ അമ്മാവൻ ജോർജ്ജി എസ്റ്റർിനോട് ജാനോസിനു ആരാധനയുണ്ട്. സ്നേഹനിധിയായ അദ്ദേഹം അവന് ഒരു പിതാവിനെപ്പോലെയാണ്. പതിനേഴാം നൂറ്റാണ്ടിലെ ബാറോക്ക് സംഗീത സൈദ്ധാന്തികൻ ആന്ദ്രാസ് വെർക്ക്മിസ്റ്റർ സൃഷ്ടിച്ച സംഗീതത്തിന്റെ അപൂർണ്ണതയെയും രാഗഭാവലയത്തേയും കുറിച്ച് വ്യത്യസ്ത അഭിപ്രായമാണ് ജോർജ്ജിക്കുള്ളത്. അഷ്ടകങ്ങളും പന്ത്രണ്ട് സ്വരങ്ങളും യാഥാസ്ഥികവും പഴഞ്ചൻ സമ്പ്രദായവുമാണ്. പഴയ രീതികളെ നവീകരിക്കണം. പരിഷ്കരിക്കണം. സംഗീത സ്കെയിലിന്റെ പൊരുത്തക്കേടുകൾ മാറ്റി കൂടുതൽ അനുഭവവേദ്യമാക്കുന്നതിന് ജോർജ്ജി ചില പരിഷ്കാരങ്ങൾ ആവിഷ്കരിക്കുന്നു . അമൂർത്തരൂപത്തിലുള്ള ഒരു മുത്തിനെ പൂർണ്ണരൂപത്തിലാക്കുന്നത് പോലെ .

ഈ പരിഷ്കരണ ചിന്തയെ, സർഗാത്മകതയുടെ സ്വാതന്ത്ര്യത്തെ, അനിവാര്യതയെ രാഷ്ട്രീയ ഘടനയോടുള്ള വിയോജിപ്പും മാറ്റത്തിന് വേണ്ടിയുള്ള തീഷ്ണതയുമായി ചേർത്ത് വായിക്കാം .



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI



പത്രങ്ങൾ ഡെലിവറി ചെയ്യാൻ ജാനോസ് പോസ്റ്റ് ഓഫീസിലേക്ക് പോകുമ്പോൾ സർക്കസിന്റെ വരവിന്റെ സൂചനയായി ആ പട്ടണത്തിന് മുകളിൽ മേഘങ്ങൾ തങ്ങി നിൽക്കുന്നത് തൊഴിലാളികളെ അസ്വസ്ഥരാക്കുന്നു. വിപത്തിനെ ചെറുത്തുനിൽക്കുന്ന വിഷാദഭാവം ദൃശ്യത്തിൽ നിറഞ്ഞു നിൽക്കുന്നു .

ഒരു വലിയ, ദുർഗന്ധം വമിക്കുന്ന തിമിംഗലത്തെയും കൊണ്ട് സർക്കസിലെ മുഖ്യ പ്രകടനക്കാരനായ പ്രിൻസ്, ഒരു രാത്രിയിൽ പട്ടണത്തിലേക്ക് പ്രവേശിക്കുന്നു. അവർ വരുന്നത് കണ്ട് ജാനോസ് ചിന്തയിലാഴുന്നു. ദൈവത്തെയും തിമിംഗലത്തെയും കുറിച്ചുള്ള തത്വചിന്താപരമായ ആലോചനയിലാണ് അയാൾ .

ജോർജ്ജിയുടെ വേർപിരിഞ്ഞ ഭാര്യടുണ്ടെ, പോലീസ് മേധാവിയുടെ പിന്തുണയോടെ നഗരം വൃത്തിയാക്കുക എന്ന പ്രസ്ഥാനത്തിലേക്ക് റിക്രൂട്ട് ചെയ്യേണ്ടവരുടെ ഒരു ലിസ്റ്റ് ജോർജ്ജിക്ക് നൽകി . അവൾ രാഷ്ട്രീയവും സാമൂഹികവുമായ പദവി നേടി യെടുക്കാനുള്ള ശ്രമത്തിലാണ്. ജോർജ്ജി ആ മാലിന്യ നിർമ്മാർജ്ജന പ്രസ്ഥാനത്തിന്റെ ചെയർമാനാകണമെന്ന് ആവശ്യപ്പെടുന്നു. നമ്മൾ ഒരു ക്രമം ഉണ്ടാക്കും. എല്ലാം ശുചീകരിക്കും എന്നൊരു ഭീഷണി മുഴക്കുന്നുണ്ട് . ആ രാത്രി അവൾക്ക് ജോർജ്ജിയുടെ വീട്ടിൽ താമസിക്കണമെന്നും അറിയിക്കുന്നു. തന്റെ സ്യൂട്ട്കേസ് ജാനോസിനൊപ്പം കൊടുത്തയയ്ക്കുന്നു. ഇതിനെല്ലാം മൂകസാക്ഷിയാകുന്ന ജാനോസ് വിഭ്രാന്തിയിലാവുന്നുണ്ട് .

ജോർജ്ജിയുടെ കഷ്ടപ്പെടുന്ന സഹോദരൻ, ചെരുപ്പുകുത്തിയായ ലജോസ് ആ ലിസ്റ്റ് എടുത്ത് പട്ടണത്തിലെ ചത്വരത്തിലേക്ക് പോകുന്നു. പൊതുജനത്തിനുള്ള സേവനങ്ങളുടെ പരാജയത്തിൽ അസന്തുഷ്ടരായ ജനക്കൂട്ടത്തിന് അയാൾ ലിസ്റ്റ് കൈമാറുന്നു.

പട്ടണത്തിൽ എത്തുന്ന വിചിത്രമായ സർക്കസ് കണ്ട് ജാനോസ് ചിത്തഭ്രമം പിടിപെട്ടത് പോലെ ആവേശഭരിതനുമാണ്. അവിടെയെത്തിയത് അത് ഒരു വലിയ, ചത്തഴുകിയ തിമിംഗലം ഉൾക്കൊള്ളുന്ന ഒരു പൊളിഞ്ഞ കണ്ടെയ്നർ വഹിക്കുന്ന ഒരു ട്രക്കാണ്. അതിൽ നിന്ന് ദുർഗന്ധം വമിക്കുന്നുണ്ട് . സർക്കസ് പ്രിൻസ് എന്ന് വിളിക്കപ്പെടുന്ന ഒരാളുടെ നിഴൽരൂപം പ്രത്യക്ഷമാവുന്നുണ്ട്. അദൃശ്യനായ അയാൾ തന്റെ ആശയം കൊണ്ട് ജനക്കൂട്ടത്തെ വശീകരിക്കാൻ ശ്രമിക്കുന്നവനാണ് . പക്ഷെ ജനക്കൂട്ടം പ്രകോപിതരാവുകയാണ്. പ്രപഞ്ചത്തിൽ വിശദീകരിക്കാനാവാത്ത എന്തോ കുഴപ്പം പോലെ . ആകാശഗോളങ്ങളുടെ ഭ്രമണത്തിൽ താളം തെറ്റിയത് പോലെ .

സർക്കസ് ട്രക്കിന്റെ ആഗമനദൃശ്യം ഭീതിദമായ ഒന്നാണ്. വീടുകളുടെ മുൻവശത്ത് ഒരു വലിയ ചതുര നിഴൽ പോലെ അത് കാണപ്പെടുന്നു.ഹെഡ്‌ലൈറ്റുകൾ. ജാനോസിന്റെ ഭവ്യതയോടെയുള്ള നിൽപ്പ്.

അയാൾക്ക് മുന്നിലൂടെ അലോസര ശബ്ദത്തോടെ അതിന്റെ മുഴുവൻ ഭാഗവും കടന്നു പോകുന്നു.

തിമിംഗലത്തെ കൊണ്ടുവരുന്ന, തുറന്ന ട്രക്കിന് മുന്നിൽ വെച്ച് ജാനോസിനെ ഒരാൾ ആക്രമിക്കുന്നു. ഇതേസമയം മദ്യപിച്ച് ലക്കുകെട്ട പോലീസ് മേധാവി യോടൊപ്പം ടുണ്ടെ സുഖമായി ഉറങ്ങുകയാണ്.

തിമിംഗലത്തിന്റെയും പ്രിൻസിന്റെ യും സാന്നിധ്യം ജനക്കൂട്ടത്തെ ഇളക്കി മറിക്കുന്നു. വിപ്ലവങ്ങളുടെയും അതിന്റെ നാശാവശിഷ്ടങ്ങളുടെയും കാഴ്ചകളെ കുറിച്ച്, സ്ലോവാക്യൻ ഭാഷയിൽ സംസാരി ക്കുന്ന പ്രിൻസിന് മേലുള്ള നിയന്ത്രണം സർക്കസ് മാസ്റ്ററിന് നഷ്ടപ്പെടുന്നത് ജാനോസ് കേൾക്കുന്നു.സർക്കസ് മാസ്റ്റർ അനന്തരഫലങ്ങളെ ഭയപ്പെടുന്നുണ്ട് . അയാൾ ജാനോസിനെ അകറ്റിനിർത്താൻ ആഗ്രഹിക്കുന്നു .

പ്രിൻസ് ഒരിക്കലും പരസ്യമായി സംസാരി ക്കുകയോ ക്യാമറയ്ക്ക് മുന്നിൽ പ്രത്യക്ഷ പ്പെടുകയോ ചെയ്യുന്നില്ല. എന്നിട്ടും അയാളുടെ സാന്നിധ്യത്താൽ നിശ്ചലരായി ഉറ്റുനോക്കുന്ന ആൾക്കൂട്ടം കൊണ്ടു നഗരചത്വരം നിറയുന്നു. തുടർന്ന് ആൾക്കൂട്ടം പൂർണ്ണ നിശബ്ദരായി ഒരു പ്രാദേശിക മാനസിക രോഗചികിത്സാ കേന്ദ്രത്തിലേക്ക് അത് തകർക്കാൻ മാർച്ച് ചെയ്യുന്നു. അവിടെ രാഷ്ട്രീയ തടവുകാരെ മാനസിക ചികിത്സയ്ക്ക് പാർപ്പിച്ചിട്ടു ണ്ടാവാം . അവിടെ നിസ്സഹായനായ, എല്ലും തോലുമായ ഒരു വൃദ്ധ നഗ്ന രോഗിയെ കാണുന്നതോടെ ആൾക്കൂട്ടം ശാന്തരായി പിൻ വാങ്ങുന്നു.

കലാപത്തിനുശേഷം, ഒരു കലാപകാരി യുടെ ഡയറി ജാനോസ് കാണുന്നു. കലാപകാരികൾക്ക് അവർ എന്തിനോ ടാണ് ദേഷ്യപ്പെടുന്നതെന്ന് അറിയില്ലാ യിരുന്നു. അതിനാൽ അവർ എല്ലാറ്റിനോടും ദേഷ്യപ്പെട്ടു. തുടർന്ന് രണ്ട് പോസ്റ്റ് ഓഫീസ് പെൺകുട്ടികളെ ജനക്കൂട്ടം ക്രൂരമായി ബലാത്സംഗം ചെയ്തതിനെക്കുറിച്ചും ഡയറിയിൽ നിന്ന് അറിയുന്നു .

വീട്ടിലേക്ക് പോകുമ്പോൾ, ടുണ്ടെയും ഒരു സൈനിക ഉദ്യോഗസ്ഥനും തമ്മിലുള്ള ഒത്തുചേരൽ ജോർജ്ജി ദൂരെ നിന്ന് കാണുന്നു. പട്ടണം തിരിച്ചുപിടിക്കാൻ അവർ ഒരു സൈനിക വാഹനത്തിൽ



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI
KSFDC



ഒരുമിച്ച് പോകുന്നു. സൈനികരും ഒരു ടാങ്കും അവർക്ക് അകമ്പടിയായുണ്ട് . കലാപത്തിൽ കൊല്ലപ്പെട്ട ലജോസിന്റെ മൃതദേഹം പിന്നീട് ജാനോസ് കണ്ടെത്തുന്നു. കലാപകാരികൾ സൂക്ഷിച്ചിരുന്ന പട്ടികയിൽ ജാനോസിന്റെ പേര് ഉണ്ടായിരുന്നതിനാൽ, സ്വന്തം സുരക്ഷയ്ക്കായി ലജോസിന്റെ ഭാര്യ ജാനോസിനോട് രക്ഷപെടാൻ പറയുന്നു.

റെയിൽവേ ട്രാക്കുകളിൽ ജനോസ് ഓടിപ്പോകുന്നു.പക്ഷേ ഒരു ഹെലികോപ്റ്റർ അയാളെ തടയുന്നു. കൂട്ടിലടച്ചതു പോലെ കിടക്കകളുള്ള ഒരു മാനസികാരോഗ്യ കേന്ദ്രത്തിൽ, രാഷ്ട്രീയ വിമതരെ കൈകാര്യം ചെയ്യുന്ന സങ്കേതത്തിൽ അയാൾ എത്തിപ്പെടുന്നു .

ജോർജ്ജി ജാനോസിനെ സന്ദർശിക്കുമ്പോൾ, ജോർജ്ജി കാണുന്നത് ശൂന്യമായ സ്ഥലമാണ്. കലാപത്തിനു ശേഷം എന്താണ് സംഭവിച്ചതെന്ന് ജാനോസിനോട് ജോർജ്ജി വിവരിക്കുന്നു. ജോർജ്ജിയെ അയാളുടെ വീട്ടിൽ നിന്ന് പുറത്താക്കിയിരിക്കുന്നു. പൂന്തോട്ടത്തിലെ ഒരു ഷെഡിലാണ് വാസം. സഹകാരി എന്ന പുതിയ പദവിയോടെ ഭാര്യടുണ്ടെ ഇപ്പോൾ പോലീസ് മേധാവിയോടൊപ്പം ആ വലിയ വീട്ടിൽ താമസിക്കുകയാണ് .

ജോർജ്ജി ജാനോസിനോട് പറയുന്നു, മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്ന് ജനോസ് മോചിതനായാൽ, തന്റെ പിയാനോയുമായി ഷെഡിൽ സംതൃപ്തിയോടെ ഒരുമിച്ച് താമസിക്കാൻ കഴിയുമെന്ന്. പരിഷ്കരണ പ്രതീക്ഷകളെ ഉപേക്ഷിച്ചുകൊണ്ട്, വ്യക്തിപരമായി കീഴടങ്ങുന്നത് പോലെ, മറ്റേതൊരു സംഗീതത്തെയും പോലെ പിയാനോയെ സാധാരണ രീതിയിൽ പുനഃക്രമീകരിച്ചതായി ജോർജ്ജി അറിയിക്കുന്നു. ജാനോസിന്റെ കാഴ്ച്ചയിൽ ശൂന്യതയാണ്- പ്രതീക്ഷകൾ ഇല്ലാത്ത ഒരിടത്തേക്ക് .

പട്ടണ ചത്വരത്തിലൂടെ നടന്നു പോകുന്ന ജോർജ്ജി ഉപേക്ഷിക്കപ്പെട്ട തിമിംഗലത്തിന്റെ കണ്ണിലേക്ക് നോക്കുന്ന രംഗത്തിലാണ് ഈ ചിത്രം അവസാനിക്കുന്നത്. ജോർജ്ജി മെല്ലെ നടന്ന് അലങ്കോലപ്പെട്ട തിമിംഗലത്തെയും തലേ ദിവസം രാത്രി കലാപകാരികൾ നശിപ്പിച്ച സർക്കസ് ട്രക്കിനെയും തിരിഞ്ഞു നോക്കുന്നു. തിമിംഗലത്തിന്റെ അഴുകിയ ജഡം മൂടൽമഞ്ഞിനാൽ മെല്ലെ മൂടപ്പെടുന്നു...

വെർക്ക്മിസ്റ്റർ ഹാർമണീസ് ആണ് ബേല ടാറിന്റെ മാസ്റ്റർപീസ് എന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു. 1956-ൽ സോവിയറ്റ് യൂണിയൻ ഹംഗേറിയൻ കലാപത്തെ അടിച്ചമർത്തുന്നതിന്റെയും 1944-ൽ ഫെറങ്ക് സാലാസിയുടെ സംയോജിത നാസി ഭരണത്തിന്റെയും വേദനകൾ ഒതുക്കിവെച്ച ഒരു സിനിമയാണിത്. ഈ സിനിമ കാണുന്നവർക്ക് എവിടെയോ എന്തോ ചീഞ്ഞുനാറുന്നുവെന്ന് തോന്നിയേക്കാം. അഴുകിയ തിമിംഗലത്തെപ്പോലെ അറപ്പും വെറുപ്പും ഭ്രാന്തും നിറഞ്ഞ എന്തോ ഒന്ന്.

ഈ സിനിമയിലെ ദുഃഖകരവും വിഷാദാത്മകവുമായ സംഗീതം കാണികളെ കാഴ്ചയ്ക്കപ്പുറത്തേക്ക് പ്രമേയത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നുണ്ട് .

വെർക്ക്മിസ്റ്റർ ഹാർമണീസ് നിരൂപകരിൽ നിന്ന് വ്യാപകമായ പ്രശംസ നേടിയിരുന്നു . 21-ാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച ചിത്രങ്ങളിലൊന്നായി പലരും ഇതിനെ കണക്കാക്കുന്നു. ബേലാ ടാറിന്റെ തന്നെ, ഏഴ് മണിക്കൂർ ദൈർഘ്യമുള്ള സാറ്റാന്റാങ്കോ എന്ന സിനിമയിൽ കാണാവുന്ന ഇരുണ്ട, ബെക്കറ്റിയൻ പ്രഹസന ആക്ഷേപ നർമ്മം ഈ സിനിമയിൽ കുറവാണ്. ആഴത്തിൽ അനുഭവിച്ചാൽ സാമുവൽ ബെക്കറ്റിന്റെയും യൂജിൻ അയനെസ്‌കോയുടെയും ബെർതോൾട്ട് ബ്യൂഹത്തിന്റെയും ഒക്കെ പ്രഹസന ആക്ഷേപ ഹാസ്യത്തെക്കാൾ, വേറാക്കൂറിനെക്കാൾ കൂടുതൽ ഇടപെടുന്നത് , രാഷ്ട്രീയ ക്രൂരതയെ നേരിടുന്ന പ്രതിരോധ വേദനയുടെ മറുവശമാണ്. ഒരു നിഴൽപ്രദേശം പോലെ ഇരുണ്ട അന്തരീക്ഷത്തിലെ അനുഭൂതി .ബേലാ ടാറിന്റെ ലോംഗ് ടേക്കുകൾ ഒരു **പക്ഷേ ക്രാസ്നഹോർകൈയുടെ രചനയുടെ ഭയാനക സാന്ദ്രതയും പ്രചോദനാത്മകവും എന്നാൽ വിപരീതധ്വനിയുമുള്ള ദീർഘ ഗദ്യശൈലിയെ അവലംബിക്കുന്നതാണ് . 39 ദീർഘദൃശ്യങ്ങൾ കൊണ്ട് 145 മിനിറ്റ് വരുന്ന ഈ സിനിമ 2016 ൽ ബിബിസി തെരഞ്ഞെടുത്ത, 2000 ത്തിനു ശേഷമുള്ള 100 ലോകസിനിമകളിൽ ഒന്നായിരുന്നു . സിനിമയിൽ സൃഷ്ടിച്ച ബോധമണ്ഡലവും കാണികളുടെ പക്വമായ ബോധമണ്ഡലവും ഒന്നുചേരുമ്പോഴാണ് ചലച്ചിത്രകല ആസ്വാദ്യകരമാവുന്നതെന്ന് ഈ സിനിമ നമ്മെ വീണ്ടും ഓർമ്മപ്പെടുത്തുന്നു. കലയുടെ പരസ്പര പൂരകമായ ബൗദ്ധിക സാംസ്കാരിക പ്രവർത്തനമാണിത് .**

**(നവംബർ 30 ഞായറാഴ്ച ഫിൽക്ക ഫിലിം സൊസൈറ്റി തിരുവനന്തപുരം വിശ്വസാഹിത്യവും വിശ്വസിനിമയും എന്ന ചലച്ചിത്രമേള പരമ്പരയുടെ അഞ്ചാം ഭാഗമായി ഡോക്ടർ ഷിവാഗോയോടൊപ്പം ഈ സിനിമയും പ്രദർശിപ്പിക്കുന്നുണ്ട് . പ്രവേശനം സൗജന്യം . www.filca.in )**



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

# ലാസ്ലോ ക്രാസ്നഹോർകായ്: വെളിപാട് ലോകങ്ങളിലെ സഞ്ചാരി



**ലീലാമ്മ തോമസ്**
**ബോട്സ്വാന**
(ഫിൽക്ക)



2025-ലെ നോബേൽ സാഹിത്യ പുരസ്കാരത്തിന്റെ വേദിയിൽ ദീപ്തമായ ഒരു പേരാണ് ലാസ്ലോ ക്രാസ്നഹോർകായ്. അദ്ദേഹത്തിന്റെ സൃഷ്ടികളുടെ ശ്വാസം തന്നെയാണ് പുരസ്കാര പ്രഖ്യാപനം:

“അന്ത്യവിധിയുടെ ഭീതിയുടെ നടുവിൽ കലയുടെ ശക്തിയെ പുന:സ്ഥാപിക്കുന്ന, ദർശനാത്മകവും ശക്തവുമായ എഴുത്തുകൾ…‘ .ഭീകരതയും നിരാശയും മനുഷ്യന്റെ നിഴൽപോലെ പിന്തുടരുന്ന ലോകങ്ങളിൽ, ക്രാസ്നഹോർകായ് ഒരു കാര്യം പഠിപ്പിക്കുന്നു ഇരുട്ടിനുള്ളിലും കല എന്നൊരു പ്രകാശം ഉണ്ടെന്ന്.

അദ്ദേഹത്തിന്റെ സാഹിത്യം മനുഷ്യന്റെ വിറയലുകൾ പറയുന്നതല്ല; മനുഷ്യന്റെ പ്രത്യാശകൾ, സൃഷ്ടിയുടെ സ്പന്ദനം, ആത്മാവിന്റെ അവശിഷ്ടങ്ങൾ എന്നിവയെ കുറിച്ച് സംസാരിക്കുന്നു.


1954-ൽ ഹംഗറിയിലെ ജ്യൂലാ എന്ന അതിർത്തിപ്പട്ടണത്തിലാണ് ക്രാസ്നഹോർകായി ജനിച്ചത് നിശ്ശബ്ദതയുടെ ചക്രവാളത്തിലൊരു ചെറുഗ്രാമം. റൊമാനിയൻ അതിർത്തിയുടെ ഗൗനനിശ്ശബ്ദത, ദാരിദ്ര്യത്തിന്റെ സാവധാന ഗാനം, ഒറ്റപ്പെട്ട ജീവിതത്തിന്റെ നീണ്ട ചോദ്യചിഹ്നങ്ങൾ…അവ അദ്ദേഹത്തിന്റെ രചനകളിൽ ഒരു പ്രത്യേക താളം സൃഷ്ടിച്ചു.

ഗ്രാമീണ ജീവിതത്തിന്റെ ചെറുവർത്തമാനങ്ങളും മനുഷ്യമനസ്സിന്റെ മറഞ്ഞ നിഴലുകളും അദ്ദേഹം അസാധാരണമായ സൂക്ഷ്മതയോടെ കണ്ടു.മനുഷ്യന്റെ ദൗർബല്യങ്ങൾ, വലിയ സ്വപ്നങ്ങൾ, തകർന്നുപോകുന്ന പ്രത്യാശകൾ ഇവ എല്ലാം അദ്ദേഹത്തിന്റെ രചനകളിൽ പിന്നീടൊരു മഹാവൃത്താന്തമായി ഉയർന്നു.

## Satan tango (1985)

ഇരു ഭൂപ്രദേശങ്ങളിലെ ഒരു അസ്ഥിര സമൂഹത്തിന്റെ ജീവിതം മാസ്മര ശൈലിയിൽ . കമ്മ്യൂണിസ്റ്റ് സൈനിക ഭരണകൂടം തകർന്നുപോകുന്ന നാഴികയിൽ, ദാരിദ്ര്യത്തിന്റെ പൊടിക്കൈയിൽ ജീവിക്കുന്നവർ ഒരു അത്ഭുതത്തിനായി കാത്തിരിക്കുന്നു. പക്ഷേ പ്രത്യക്ഷപ്പെടുന്നത് പ്രതീക്ഷയോ, വഞ്ചനയോ? ശീർഷകത്തിലെ “സാറ്റാൻ” ദുഷ്ടതയല്ല; മനുഷ്യരുടെ അടിമാവസ്ഥയും മനസ്സിലെ കപടപ്രതീക്ഷകളും തന്നെയാണ്. കാഫ്കയുടെ ഒരു വരി പോലെ: “കാത്തിരിപ്പ് തന്നെയാണ് നമ്മെ വഞ്ചിക്കുന്നത്.” 1994-ൽ ബേലാ ടാർ ഇതിനെ സിനിമയാക്കിയപ്പോൾ, ലോകം


November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI




അനുഭവിച്ചത് ഒരു അന്ത്യവിധിയുടെ ദൃശ്യാനുഭവം തന്നെയാണ്.

നിരൂപക സൂസൻ സോണ്ടാഗ് ഇതിനെ വായിച്ചപ്പോൾ തന്നെ പ്രഖ്യാപിച്ചു: 'അയാൾ വെളിപാടിന്റെ ഗുരുഭൂതനാണ്.'

ഒരു കാർപാർത്യൻ താഴ്‌വരയിലെ പട്ടണം അവിടെയെത്തുന്ന സർക്കസ്. ഒരു ഭീമൻ തിമിംഗല-മൃതശരീരം. ജനക്കൂട്ടത്തിന്റെ മനോവിഭ്രാന്തി. അനിശ്ചിതത്വത്തിന്റെ ശാപം, ഭരണകൂടത്തിന്റെ അസ്ഥിര ചുവടുകൾ... ക്രാസ്നഹോർകായിയുടെ പ്രശസ്തമായ സ്വപ്നാഭാസം, ഭ്രാന്ത്, പ്രത്യാശ, നിരാശ എല്ലാം ഒന്നുചേർന്ന വെളിപാടിന്റെ പുസ്ത




കമാണ് ബേലാ ടാർ സംവിധാനം ചെയ്ത വേർക്മീസ്റ്റർ ഹാർമണീസ് എന്ന സിനിമ .

## War & War (1999)


മനുഷ്യന്റെ ആത്മാവിൽ നടക്കുന്ന യുദ്ധത്തിന്റെ ഒരു രേഖ. ആശയക്കുഴപ്പം നിറഞ്ഞ അർക്കൈവിസ്റ്റ് നായകൻ പുരാതന യോദ്ധാക്കളുടെ കഥ ലോകത്തിന് പകരാൻ ന്യൂയോർക്കിലേക്ക് പുറപ്പെടുന്നു. പക്ഷേ യാത്ര, അദ്ദേഹത്തിന്റെ മാനസിക ലോകത്തിന്റെ ഇടിഞ്ഞുപോകുന്ന ചുവരുകൾ പോലെയാണ്. ക്രാസ്നഹോർകായിയുടെ നീണ്ട, തടസ്സമില്ലാത്ത വാക്യങ്ങൾ ഇവിടെ ഒരു കാലംപോലെ ഒഴുകുന്നു ഒരു ശ്വാസംതന്നെയില്ലാതെ, ഒരു വിചാരവും വിട്ടുകൊടുക്കാതെ.

## Homecoming (2016)

War & War-ന്റെ വിഷയം മറ്റൊരു രൂപത്തിലെന്നു പറയാം. ബാരോൺ, ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ട ഒരു മനുഷ്യൻ ഒരു പഴയ പ്രണയത്തിലേക്ക്, ഒരു പഴയ ഗ്രാമത്തിലേക്ക്, ഒരു പഴയ പ്രതീക്ഷയിലേക്ക് മടങ്ങുന്നു. ഡാന്റേ എന്ന വിചിത്ര കൂട്ടാളിയുടെ കൈപിടിച്ച്, അദ്ദേഹം ഒരാശയക്കുഴപ്പത്തിൽ നിന്ന് മറ്റൊന്നിലേക്ക് വീഴുന്നു. ദോസ്തോയ്‌വ്സ്കിയുടെ "പുണ്യനായ മോശക്കാരൻ ' ഇവിടെ ഒരു പുതിയ ജന്മം പ്രാപിക്കുന്നു.

## Herscht 07769

സമകാലിക ജർമ്മനിയിലെ കലാപം, കത്തിച്ചു മരണം, അനിശ്ചിതത്വം. ഹെർഷ്റ്റ് - നിർദ്ദോഷത്വത്തിന്റെയും വിശ്വാസത്തിന്റെയും വര വഴിയിൽ നടക്കുന്ന ഒരു വിശുദ്ധ വിഡ്ഢി. അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ വില തന്നെ ലോകം അവനോട് ഈടാക്കുന്നു.




## Japanese travels

വടക്കോട്ട് മലകൾ , തെക്കോട്ട് തടാകം , പടിഞ്ഞാട്ട് പാതകൾ, കണ്ട്യോട്ടോയുടെ രഹസ്യഭൂമികളിൽ നിന്നുള്ള ആത്മീയ യാത്ര.

## There Below

17 കഥകൾ. ഫിബൊനാച്ചിയുടെ ഗണിത സൗന്ദര്യത്തിൽ പതിനേഴ് കഥകൾ . ഒരു ക്രൗഞ്ചം കാമോ നദിക്കരയിൽ നിൽക്കുന്നു... ഒരു സൂക്ഷ്മകലാകാരന്റെ കണ്ണാണ് അവിടെ. ജാപ്പനീസ് പൗരാണിക ദേവിയായ സെയിബോയുടെ അമൃതതോട്ടം ഓരോ മൂവ്വായിരം വർഷത്തിലും മാത്രം പുഷ്പിക്കുന്ന ഫലം ക്രാസ്നഹോർകായിയുടെ കലയുടെ പ്രതീകമാണ്.


## Spadework for a Palace

അനുകരണം, കലാപരമായ പ്രതികാരം, സൃഷ്ടിയുടെ ശല്യം വായനക്കാരനെ ഒരൊറ്റ ഇരിപ്പിൽ പിടിച്ചിടുന്ന ദാർശനിക - ഹാസ്യകൃതി. അദ്ദേഹത്തിന്റെ ശൈലി ലോക സാഹിത്യത്തിലെ ഒരു അപൂർവ്വത യാണ് . ഒരു വാക്യം ഒരു പേജ് നീളം. ഒരൊറ്റ പാരഗ്രാഫ് . ഒരു കൊടുങ്കാറ്റ്. സ്വപ്നവും ഭീതിയും ചേർന്ന ചിത്രങ്ങൾ.

മനുഷ്യന്റെ ആന്തരിക ഇടിമിന്നലുകളി ലേക്കുള്ള പ്രവേശനം. കാഫ്കയുടെയും തോമസ് ബെർൻഹാർഡിന്റെയും രക്ത ബന്ധത്തിലായെങ്കിലും, ക്രാസ്നഹോർ കായ് ഒരു സ്വന്തം മേഘമണ്ഡലത്തിലാണ്.








ഇരുട്ടിൽ വെളിച്ചം തെളിക്കുന്ന ഒരു എഴുത്തുകാരൻ. മനുഷ്യരുടെ കൂട്ടയാളായ ഭീതി. അസുരക്ഷിതത്വം . നിരാശ... എല്ലാം പിടിച്ചെടുത്ത് കലയുടെ മഹാതേജസായി മാറ്റുകയാണ് ലാസ്ലോ ക്രാസ്നഹോർകായി ചെയ്യുന്നത്. അദ്ദേഹത്തിന്റെ സൃഷ്ടികൾ നമ്മോട് ചോദിക്കുന്ന ചോദ്യം ഒറ്റത്തവണ മാത്രം: “ഇരുട്ടിൽ ഒരു ബന്ധുവെളിച്ചം തേടാൻ തയ്യാറാണോ?”

പലപ്പോഴും തോന്നിയിട്ടുണ്ട് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ഒരു സാഹിത്യാനുഭവമല്ല ഒരു യാത്രയാണ് . മനുഷ്യനെ പൊട്ടിച്ചു കീറുന്ന കാലത്തും, കലയുടെ ഒരു തുണ്ടുവെളിച്ചം നമുക്കുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന ആന്തരിക യാത്ര. ●



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

# ബേലാ താർ - ഹംഗേറിയൻ സംവിധായകൻ



പി.എസ്.ജ്യോതിഷ്കുമാർ
(ഫിൽക്ക)



2025-ലെ നോബൽ സമ്മാന ജേതാവായ ലാസ്ലോ ക്രാസ്നഹോർക്കായുടെ 'മെലങ്കളി ഓഫ് റെസിസ്റ്റൻസ്' (Melancholy of Resistance) എന്ന നോവലിനെ അടിസ്ഥാനമാക്കി 2000-ത്തിൽ ബേലാ താർ സംവിധാനം ചെയ്ത ഹംഗേറിയൻ ചിത്രം വെർക്ക്മൈസ്റ്റർ ഹാർമണീസ് (Werckmeister Harmonies), രാഷ്ട്രീയ യാഥാർത്ഥ്യത്തിന്റെ ശൂന്യവും വിരസവുമായ പൊരുളും അന്ത്യവിധിനാളിന്റെ (apocalyptic) പ്രതീതിയുമാണ്. മുൻനിര സിനിമകളിൽ ഒന്നായി ഈ ചിത്രം നിരൂപക പണ്ഡിതന്മാരുടെ വോട്ടെടുപ്പുകളിൽ ഇടംനേടിയിട്ടുണ്ട് .

ബേലാ താർ (ജനനം 1955) ഒരു യഥാർത്ഥ 'സർഗാത്മക ആവിഷ്കാരകൻ ' ആണ്. സ്വന്തം രാജ്യമായ ഹംഗറിക്ക് പുറത്ത് അധികമാർക്കും അറിയപ്പെടാത്ത ഒരു കൾട്ട് ഡയറക്ടർ എന്ന സ്ഥാനത്തുനിന്ന് ലോക സിനിമയിൽ ഇന്ന് ഏറ്റവും കൂടുതൽ ആരാധിക്കപ്പെടുന്ന വ്യക്തികളിൽ ഒരാളായി അദ്ദേഹം വളർന്നു. ഒപ്പം, അദ്ദേഹത്തിന്റെ വർദ്ധിച്ചുവരുന്ന അനുയായികൾക്കിടയിൽ തീവ്രമായ സിനിമാപ്രേമം വളർത്തുകയും ചെയ്തു.

താർകോവ്സ്കിയുടെയും ജർമ്മൻ -ഫ്രഞ്ച് -അമേരിക്കൻ ഫീച്ചർ ഡോക്യുമെന്ററി ഡോക്യുമെന്ററി സംവിധായകനായ മാർസെൽ ഓഫ്യുൾസിന്റെയും മികച്ച ചിത്രങ്ങളെപ്പോലെ, ബേലാ താറിന്റെ ശ്രദ്ധേയമായ സൃഷ്ടികൾ, ചലനാത്മക ദീർഘദൃശ്യങ്ങളെ ഇഷ്ടപ്പെടുന്നു. അത് സിനിമാപരമായ സ്ഥലത്തെയും സമയത്തെയും വികസിപ്പിക്കുകയും, ഭീഷണിപ്പെടുത്തുന്നതും എന്നാൽ മനോഹരവുമായ ഒരു സർവ്വശക്തിയെ നിർവചിക്കുകയും ചെയ്യുന്നു. കട്ട് ഇല്ലാതെ ചലിക്കുന്ന ക്യാമറ, താറിന്റെ സിനിമകളിലെ, എന്നും തണുപ്പുള്ളതും അണഞ്ഞു പോകാറായി നിൽക്കുന്നതുമായ ലോകങ്ങളെ നിയന്ത്രിക്കുന്ന അജ്ഞാത ശക്തികളെ ഉൾക്കൊള്ളുന്നതായി തോന്നുന്നു.



അന്ധകാരത്തിന്റെ ഭീഷണി നിലനിൽ ക്കുന്നുണ്ടെങ്കിലും, താറിന്റെ സിനിമകൾ താരതമ്യമില്ലാത്ത വിധം ആകർഷകവും കാണാൻ ആവേശകരവുമാണ്.

ശ്രദ്ധാപൂർവ്വമായ ആവർത്തനത്തി ലൂടെ ഒരുതരം ആകർഷകമായ സസ് പെൻസ് സൃഷ്ടിക്കുന്നു. ഇത് സീരിയൽ സൗണ്ട് ട്രാക്കുകളിൽ പൂർണ്ണമായി പ്രകട മാവുന്നു. അവ്യക്തതയിൽ ആകർഷകമായ താറിന്റെ സിനിമകളെ പാശ്ചാത്യ നാഗരികത യുടെ തകർച്ചയുടെയും പ്രകൃതിയുടെ പ്രതികാരത്തിന്റെയും സമ്പന്നമായ രൂപ കങ്ങളായി വായിച്ചെടുക്കാം.അതേ സമയം, അവസാനമില്ലാത്ത കൊടുങ്കാറ്റിനോട് കഠിന മായ നിശ്ചയദാർഢ്യത്തോടെ പോരാ ടുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെ യും ആവർത്തിച്ചുള്ള രൂപങ്ങൾ, മനുഷ്യന്റെ



ആഗ്രഹത്തിന്റെയും അഭിലാഷത്തിന്റെ യും വിചിത്രമായ വാശിയെയും വിട്ടു വീഴ്ചയില്ലാത്ത പിടിവാശിയെയും ഹൃദയ സ്പർശിയായി പ്രകടിപ്പിക്കുന്നുമുണ്ട് .

സിനിമാ പ്രവർത്തകരായ ജാഫർ പനാഹിയെയും മുഹമ്മദ് റസൂലോഫിനെ യും (Jafar Panahi and Mohammad Rasoulof) ഇറാനിൽ തടവിലാക്കിയതു മായി ബന്ധപ്പെട്ട്, 2011 ജനുവരി 24-ന് ഒരു



പത്രക്കുറിപ്പിൽ ബേലാ താർ ഇങ്ങനെ പ്രസ്താവിച്ചു:
'സിനിമാട്ടോഗ്രാഫി എന്നത് സാർവത്രിക മനുഷ്യ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണ്! സിനിമാട്ടോഗ്രാഫി ക്കെതിരായ ആക്രമണം സാർവത്രിക മനുഷ്യ സംസ്കാരത്തെ അശുദ്ധമാക്കു ന്നതിന് തുല്യമാണ്! ഒരു ആശയത്തിനോ, പ്രത്യയശാസ്ത്രത്തിനോ, മതവിശ്വാസ ത്തിനോ ഇത് ന്യായീകരിക്കാൻ കഴിയില്ല! നമ്മുടെ സുഹൃത്തും സഹോദ രനും ആദരണീയനായ സഹപ്രവർത്തകനു മായ ജാഫർ പനാഹി കെട്ടിച്ചമച്ചതും സാങ്കൽപ്പികവുമായ ആരോപണങ്ങളുടെ പേരിൽ ഇന്ന് ജയിലിലാണ്! നമ്മളെല്ലാവ രും ചെയ്യേണ്ട കടമയിൽ നിന്ന് വ്യത്യസ്ത മായി ജാഫർ ഒന്നും ചെയ്തില്ല; അതായത്, സ്വന്തം രാജ്യത്തെക്കുറിച്ചും പ്രിയപ്പെട്ടവരെക്കുറിച്ചും സത്യസന്ധ മായും നീതിയുക്തമായും സംസാരിക്കുക, നമുക്ക് ചുറ്റുമുള്ള എല്ലാ കാര്യങ്ങളെ യും വാത്സല്യത്തോടെയുള്ള സഹിഷ്ണു തയോടും കഠിനമായ ലാളിത്യത്തോടും കൂടി കാണിക്കുക. ജാഫറിന്റെ യഥാർത്ഥ കുറ്റം, അദ്ദേഹം അത് മനോഹരമായും, ചാരുതയോടെയും, കണ്ണുകളിൽ കുസൃതി യുള്ള ചിരിയോടെയും ചെയ്തു എന്നതാണ്! ജാഫർ അദ്ദേഹത്തിന്റെ നായകന്മാരെ, അതായത് ഇറാനിലെ ജനങ്ങളെ,

നമ്മെക്കൊണ്ട് സ്നേഹിപ്പിച്ചു; അവർ നമ്മുടെ കുടുംബാംഗങ്ങളായിത്തീരാൻ അദ്ദേഹം കാരണമായി. നമുക്കവനെ നഷ്ടപ്പെടുത്താനാവില്ല! ഈ ബാധ്യത നമ്മുടേതാണ്, കാരണം എല്ലാ ബാഹ്യ രൂപങ്ങൾക്കുമപ്പുറം, നമ്മൾ ഒന്നാണ്.'

1988-ൽ പുറത്തിറങ്ങിയ ഡാംനേഷൻ (Damnation) എന്ന ചിത്രം, അതിനു ശേഷം ബേലാ താർ സംവിധാനം ചെയ്ത നാല് അസാധാരണ ഫീച്ചറുകളിലൂടെ നിർവചിക്കപ്പെട്ട സവിശേഷമായ



ശൈലിയുടെ ആദ്യത്തെ പൂർണ്ണമായ ആവിഷ്കാരമായിരുന്നു. ഇരു കറുപ്പും വെളുപ്പും കലർന്ന ഛായാഗ്രഹണം, സങ്കീർണ്ണമായി ചിട്ടപ്പെടുത്തിയ നീണ്ട ട്രാക്കിംഗ് ഷോട്ടുകൾ, ഒരുതരം ആകർഷകമായ താളം, ആസന്നമായ വിനാശത്തിന്റെ പ്രതീതി നിറഞ്ഞ നിഗൂഢമായ കഥകൾ എന്നിവയെല്ലാം ഈ ചിത്രങ്ങളിൽ പൊതു സ്വഭാവമായിരുന്നു.

ഓരോ സിനിമയിലും താർ ഈ പ്രത്യേകതകളെ ഒരു അജയ്യതയിലേക്ക് എത്തിച്ചു. ഇത് ഏഴര മണിക്കൂർ ദൈർഘ്യമുള്ള അദ്ദേഹത്തിന്റെ സാഹസികമായ ഇതിഹാസം സാറ്റാൻ ടാൻഗോയിലേക്കും (SátáWv tang), അദ്ദേഹത്തിന്റെ അവസാനത്തെതും പ്രഖ്യാപിതവുമായ ചിത്രമായ ദി ട്യൂറിൻ ഹോഴ്സിന്റെ (The Turin Horse) വ്യക്തമായ മിനിമലിസത്തിലേക്കും വഴിമാറി.

സമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള ഫാമിലി നെസ്റ്റ് (Family Nest) എന്ന ചിത്രത്തിന്റെ ഇടപെടലിൽ നിന്ന്, അത്യാഗ്രഹത്തെയും ദുർവൃത്തികളെയും കുറിച്ചുള്ള അമൂർത്തവും ഒറ്റപ്പെട്ടതുമായ പഠനമായ അൽമാനാക്ക് ഓഫ് ഫോൾ (Almanack of Fall) എന്ന ചിത്രത്തിലേക്ക് അതിവേഗം മാറിയ, തീവ്രമായ ഡോക്യുമെന്ററി ശൈലിയിലുള്ള ചിത്രങ്ങളുമായാണ് ബേലാ താർ തന്റെ കരിയർ ആരംഭിച്ചത്. പാരമ്പര്യേതരമായ കോമ്പോസിഷനും അസ്വാഭാവികമായ സംഭാഷണങ്ങളും ധൈര്യപൂർവ്വം ഉപയോഗിച്ച ഈ ചിത്രം ബേലാ താറിന്റെ പിന്നീടുള്ള സൃഷ്ടികളിലേക്ക് നേരിട്ട് വിരൽ ചൂണ്ടുന്നു.

'ബുഡാപെസ്റ്റ് സ്കൂൾ' എന്ന് വിളിക്കപ്പെടുന്ന ഡോക്യുമെന്ററി ശൈലിയിലുള്ള ബേലാ താറിന്റെ സിനിമയുടെ വേരുകൾ, അദ്ദേഹത്തിന്റെ പിൽക്കാല ചിത്രങ്ങളിലെ പ്രത്യേകമായ രീതികളിലും വ്യക്തമാണ്. അതിലെ വിചിത്രമായ കൃത്രിമത്വവും ഇരു ഫാന്റസിയും (ചിലപ്പോൾ സയൻസ് ഫിക്ഷൻ പോലെ) സമയത്തോടും സ്ഥലത്തോടുമുള്ള കൃത്യമായ ബോധ്യത്തെ ആശ്രയിച്ചിരിക്കുന്നു.

ഇങ്ങനെ, വെർക്ക്മെസ്റ്റർ ഹാർമണീസിലെ ഒരു ബാറിൽ ഭ്രമണം ചെയ്യുന്ന മദ്യപാനികൾ മുതൽ ദി ട്യൂറിൻ ഹോഴ്സിലെ കർഷകരുടെ ദൈനംദിന ജോലി വരെ, പ്രവർത്തനങ്ങളുടെ പൂർണ്ണമായ




സഞ്ചാരത്തെ സമഗ്രമായി ക്യാമറകൊണ്ട് ട്രാക്ക് ചെയ്യാൻ ബേലാ താർ ശ്രദ്ധിക്കുന്നു . ഫാമിലി നെസ്റ്റ് (1979) എന്ന ചിത്രത്തിലൂടെ സംവിധാന ജീവിതം ആരംഭിച്ച ബേലാ താർ, സാധാരണക്കാരെക്കുറിച്ചുള്ള ദൈനംദിന കഥകൾ സിനിമ വെരിറ്റേ (cinema vérité) ശൈലിയിൽ പറയുന്ന ‘സോഷ്യൽ സിനിമ‘ എന്ന് അദ്ദേഹം വിശേഷിപ്പിക്കുന്ന ചലച്ചിത്രപാതയിൽ ഒരു ചെറിയ കാലയളവിൽ സഞ്ചരിച്ചു .

അടുത്ത ദശകത്തിൽ, അദ്ദേഹം തന്റെ സിനിമകളുടെ ശൈലിയും പ്രമേയപരമായ ഘടകങ്ങളും മാറ്റി. ബേലാ താറിന് മനുഷ്യരാശിയെക്കുറിച്ച് ഒരു നിരാശാ പരമായ കാഴ്ചപ്പാടുണ്ടെന്ന് വ്യാഖ്യാനി ക്കപ്പെടുന്നു. അദ്ദേഹത്തിന്റെ കഥാപാത്ര ങ്ങൾ പലപ്പോഴും ദുഷ്ചിന്താഗതിക്കാരും പരസ്പരം പ്രക്ഷുബ്ധമായ ബന്ധങ്ങളുള്ള വരുമാണ്. ഇത് നിരൂപകർക്ക് ഇരു ഹാസ്യ മായി തോന്നി.

അൽമാനാക്ക് ഓഫ് ഫോൾ (1984), ഒരു പഴകിയ അപ്പാർട്ട്മെന്റിലെ താമസക്കാർ അവരുടെ ശത്രുതകൾ പങ്കുവെച്ചുകൊണ്ട് ഒരുമിച്ച് ജീവിക്കാൻ പാടുപെടുന്നതിനെ പിന്തുടരുന്നു.

ഡാംനേഷൻ (1988), മന്ദഗതിയിലുള്ളതും നിയന്ത്രിതവുമായ ക്യാമറ ചലനത്തിന് പ്രശംസിക്കപ്പെട്ടു. ഇത് അന്താരാഷ്ട്ര തലത്തിൽ ബേലാ താറിനെ ശ്രദ്ധേയനാക്കി.


തന്റെ ചിത്രം ദി മാൻ ഫ്രം ലണ്ട് (The Man from London) 2007ലെ കാൻ ചലച്ചിത്ര മേളയിൽ മത്സരിച്ചു. ഇതിന് നല്ല പ്രതി കരണമാണ് ലഭിച്ചത്.

ചലച്ചിത്ര എഡിറ്ററും സഹസംവിധായി കയുമായ ആഗ്നസ് ഹ്രാനിറ്റ്സ്കി (1978 മുതൽ ഭാര്യ), നോബൽ സമ്മാന ജേതാവായ നോവലിസ്റ്റ് ലാസ്ലോ ക്രാസ്ന ഹോർക്കായ്, സംഗീതസംവിധായകൻ മിഹാലി വിഗ്, ഛായാഗ്രാഹകൻ ഫ്രെഡ് കെലെമെൻ, നടി എറിക്ക ബോക്ക് എന്നി വരുമായി ബേലാ താർ പതിവായി സഹകരിച്ചു പ്രവർത്തിച്ചിരുന്നു.

നിരവധി നിരൂപകരുടെ ‘വർഷാവസാനത്തെ മികച്ച ചിത്രങ്ങൾ‘ പട്ടികയിൽ ഇടം നേടിയ ദി ട്യൂറിൻ ഹോഴ്സ് (2011) പുറത്തിറങ്ങിയ ശേഷം, ഫീച്ചർ-ലെങ്ത് സിനിമയുടെ സംവിധാനത്തിൽ നിന്ന് വിരമിക്കുന്നതായി



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI




ബേലാ താർ പ്രഖ്യാപിച്ചു. 2013 ഫെബ്രുവരിയിൽ അദ്ദേഹം സരയേവോയിൽ ഒരു ഫിലിം സ്കൂൾ ആരംഭിക്കുകയും 2016-ൽ അങ്ങോട്ട് താമസം മാറുകയും ചെയ്തു. അതിനുശേഷം 2017-ൽ ആംസ്റ്റർഡാമിൽ 'ടിൽ ദി എൻഡ് ഓഫ് ദി വേൾഡ് ' (Till the End of the World) എന്ന പേരിൽ പുതുതായി ചിത്രീകരിച്ച ദൃശ്യങ്ങൾ ഉൾപ്പെടുത്തിയ ഒരു ഇൻസ്റ്റാളേഷനും അദ്ദേഹം നിർമ്മിച്ചു.

ബേലാ താർ ജനിച്ചത് പെക്സിൽ (Pécs) ആണെങ്കിലും വളർന്നത് ബുഡാപെസ്റ്റിലാണ്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ തിയേറ്റർ, സിനിമാ മേഖലകളിൽ പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവ് താർ രംഗപടം രൂപകൽപ്പന ചെയ്തിരുന്നു മാതാവ് മാരി താർ അമ്പത് വർഷത്തിലേറെയായി ഒരു തിയേറ്ററിൽ പ്രോംപ്റ്റർ ആയിരുന്നു . അദ്ദേഹത്തിന്റെ സഹോദരൻ ചിത്രകാരനായ ഗ്യോർഗി താർ ആണ്.

പത്താം വയസ്സിൽ, ടോൾസ്റ്റോയിയുടെ 'ദി ഡെത്ത് ഓഫ് ഇവാൻ ഇല്ലിച്ച് ' എന്ന ടിവി ഡ്രാമാ രൂപീകരണത്തിലെ നായകന്റെ മകന്റെ വേഷം അദ്ദേഹത്തിന്റെ അമ്മ വഴിയാണ് ബേലാ താറിന് ലഭിച്ചത്. 1986-ൽ മിക്ലോസ് ജാൻക്സോയുടെ 'സീസൺ ഓഫ് മോൺസ്റ്റേഴ്സ്' എന്ന ചിത്രത്തിലെ ഒരു ചെറിയ വേഷവും ഏതാനും അതിഥി വേഷങ്ങളും ഒഴികെ ബേലാ താർ മറ്റ് അഭിനയ വേഷങ്ങൾ ഒന്നും തേടിയില്ല.

ബേലാ താറിന്റെ പതിനാലാം ജന്മദിനത്തിന് അച്ഛൻ ഒരു 8mm ക്യാമറ വാങ്ങി നൽകി. പതിനാറാം വയസ്സിൽ, താർ സുഹൃത്തുക്കളോടൊപ്പം 'ഡ്സിഗ വെർട്ടോവ്' (Dziga Vertov) എന്ന പേരിൽ ഒരു ചലച്ചിത്ര ഗ്രൂപ്പ് സ്ഥാപിച്ചു. അവർ നിർമ്മിച്ച 'ഗസ്റ്റ് വർക്കേഴ്സ്' (Guest Workers) എന്ന ചിത്രം ഒരു അമേച്വർ ചലച്ചിത്രമേളയിൽ ഒന്നാം സമ്മാനം നേടി. ഈ ചിത്രത്തിന്റെ ഫലമായി കമ്മ്യൂണിസ്റ്റ് അധികാരികൾ അദ്ദേഹത്തെ ചോദ്യം ചെയ്തു.

യൂണിവേഴ്സിറ്റിയിൽ തത്വശാസ്ത്രം പഠിക്കാൻ അപേക്ഷിച്ചെങ്കിലും രാജ്യത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അദ്ദേഹം തിരസ്കരിക്കപ്പെട്ടു, അതിനാൽ അദ്ദേഹം മറ്റ് ജോലികൾ തേടുകയും അമേച്വർ സിനിമകൾ നിർമ്മിക്കുന്നത് തുടരുകയും ചെയ്തു.

തുടക്കത്തിൽ, താൻ ഒരു തത്വചിന്തകനാകാൻ ആഗ്രഹിച്ചുവെന്നും സിനിമയെ ഒരു ഹോബിയായി കണ്ടിരുന്നുവെന്നും അദ്ദേഹം പറയുന്നു.






എന്നിരുന്നാലും, 8mm ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ചതിന് ശേഷം, ഹംഗേറിയൻ സർക്കാർ അദ്ദേഹത്തെ യൂണിവേഴ്സിറ്റിയിൽ പ്രവേശിക്കാൻ അനുവദിച്ചില്ല, അതിനാൽ അദ്ദേഹം പകരം ചലച്ചിത്ര നിർമ്മാണത്തിലേക്ക് തിരിയാൻ തീരുമാനിച്ചു.

16-ാം വയസ്സിൽ അമേച്വർ സിനിമകൾ നിർമ്മിച്ചും പിന്നീട് ഒരു നാഷണൽ ഹൗസ് ഫോർ കൾച്ചർ ആൻഡ് റിക്രിയേഷനിൽ കെയർടേക്കറായി ജോലി ചെയ്തും ബേലാ താർ ചലച്ചിത്ര നിർമ്മാണത്തോടുള്ള തന്റെ താൽപര്യം തിരിച്ചറിഞ്ഞു തുടങ്ങി. അദ്ദേഹത്തിന്റെ മിക്ക അമേച്വർ വർക്കുകളും ഡോക്യുമെന്ററികളായിരുന്നു. അവ കൂടുതലും ഹംഗറിയിലെ നഗരങ്ങളിലെ തൊഴിലാളികളുടെയും പാവപ്പെട്ടവരുടെയും ജീവിതത്തെക്കുറിച്ചായിരുന്നു.

അദ്ദേഹത്തിന്റെ അമേച്വർ പ്രവർത്തനങ്ങൾ 'ബേല ബാലാസ് സ്റ്റുഡിയോസിന്റെ' ശ്രദ്ധയിൽപ്പെട്ടു. അത് 1977-ലെ ബേലാ താറിന്റെ ആദ്യ ഫീച്ചർ ചിത്രമായ ഫാമിലി നെസ്റ്റ്-ന് ധനസഹായം നൽകാൻ സഹായിച്ചു. 22-ാം വയസ്സിലാണ് താർ ഈ ചിത്രം ചിത്രീകരിക്കാൻ തുടങ്ങിയത്. കുറഞ്ഞ ബഡ്ജറ്റിൽ, പ്രൊഫഷണൽ അല്ലാത്ത അഭിനേതാക്കളെ ഉപയോഗിച്ച് ആറ് ദിവസങ്ങൾ കൊണ്ടാണ് അദ്ദേഹം സിനിമ പൂർത്തിയാക്കിയത്.

അക്കാലത്ത് ബേലാ ബാലാസ് സ്റ്റുഡിയോസിൽ പ്രചാരത്തിലുണ്ടായിരുന്ന 'ബുഡാപെസ്റ്റ് സ്കൂൾ' അല്ലെങ്കിൽ 'ഡോക്യുമെന്ററിസ്റ്റ്' ശൈലിയോട് സിനിമ വിശ്വസ്തത പുലർത്തി. ഇത് സ്ക്രീനിൽ സമ്പൂർണ്ണ സാമൂഹിക യാഥാർത്ഥ്യം നിലനിർത്തി. അമേരിക്കൻ സംവിധായകൻ ജോൺ കാസ്സവെറ്റ്സിന്റെ (John Cassavetes) സ്വാധീനം ചിത്രത്തിൽ കാണുന്നുണ്ടെന്ന് നിരൂപകർ കണ്ടെത്തി. എന്നാൽ ഫാമിലി നെസ്റ്റ് ചിത്രീകരിക്കുന്നതിന് മുമ്പ് താൻ കാസ്സവെറ്റ്സിന്റെ സിനിമകളൊന്നും കണ്ടിട്ടില്ലെന്ന് ബേലാ താർ നിഷേധിച്ചു. ചിത്രം 1979-ൽ പുറത്തിറങ്ങി.




ഫാമിലി നെസ്റ്റ് പൂർത്തിയാക്കിയ ശേഷം ബേലാ താർ ബുഡാപെസ്റ്റിലെ യൂണിവേഴ്സിറ്റി ഓഫ് തിയേറ്റർ ആൻഡ് ഫിലിം ആർട്സിൽ പഠനം തുടങ്ങി. 1980-ലെ ദി ഔട്ട്സൈഡർ (The Outsider), അടുത്ത വർഷത്തെ ദി പ്രെഫാബ് പീപ്പിൾ (The Prefab People) എന്നീ ചിത്രങ്ങൾ ചെറിയ ശൈലീ മാറ്റങ്ങളോടെ സമാനമായ രീതിയിൽ തുടർന്നു. അവസാനത്തേതാണ് പ്രധാന വേഷങ്ങളിൽ പ്രൊഫഷണൽ അഭിനേതാക്കളെ അവതരിപ്പിച്ച ബേലാ

താറിന്റെ ആദ്യ സിനിമ. 1982-ൽ മക്ബെത്ത് എന്ന ടെലിവിഷൻ രൂപീകരണത്തോടെ അദ്ദേഹത്തിന്റെ സൃഷ്ടികൾക്ക് വലിയ മാറ്റം സംഭവിച്ചു. പ്രധാനമായി രണ്ട് ഷോട്ടുകൾ മാത്രമാണ് ചിത്രത്തിലുള്ളത്: ആദ്യ ഷോട്ട് (പ്രധാന ടൈറ്റിലിന് മുമ്പ്) അഞ്ച് മിനിറ്റും രണ്ടാമത്തേത് 57 മിനിറ്റും നീണ്ടു നിൽക്കുന്നതാണ്.

1984-ലെ അൽമാനാക്ക് ഓഫ് ഫോളിന് ശേഷം, 1988-ലെ ഡാംനേഷനുവേി ബേലാ താർ ഹംഗേറിയൻ നോവലിസ്റ്റ് ലാസ്ലോ ക്രാസ്നഹോർക്കായിയുമായി സഹകരിച്ചു തുടങ്ങി. ക്രാസ്നഹോർക്കായുടെ ഇതിഹാസ നോവലായ സാറ്റാൻ ടാൻഗോയുടെ ചലച്ചിത്ര രൂപീകരണം പൂർത്തിയാക്കാൻ ഏഴ് വർഷത്തിലേറെ എടുത്തു. 415 മിനിറ്റ് ദൈർഘ്യമുള്ള ഈ ചിത്രം ഒടുവിൽ 1994-ൽ അന്താരാഷ്ട്ര പ്രശംസയോടെ പുറത്തിറങ്ങി.

ഈ ഇതിഹാസത്തിന് ശേഷം, 1995-ൽ 35 മിനിറ്റ് ദൈർഘ്യമുള്ള ജേർണി ഓൺ ദി പ്ലെയിൻ (Journey on the Plain) അദ്ദേഹം പുറത്തിറക്കി. എന്നാൽ 2000-ലെ വെർക്ക് മൈസ്റ്റർ ഹാർമണീസ് വരെ അദ്ദേഹം നിശ്ശബ്ദനായിരുന്നു.


ഈ പിൽക്കാല ചിത്രങ്ങളിലെ ഭൂരിഭാഗം ഷോട്ടുകൾക്കും ആറ് മുതൽ പതിനൊന്ന് മിനിറ്റ് വരെ ദൈർഘ്യമുണ്ട്. ചില ഷോട്ടുകൾക്കായി ഒരു മാസം പോലും ചെലവഴിച്ചിരിക്കാൻ സാധ്യതയുണ്ട്. ഈ ഷോട്ടുകളിൽ പലതിലും ക്യാമറ പറന്നുയരുകയും, തെന്നിമാറുകയും, പാൻ ചെയ്യുകയും, ക്രെയിൻ ചെയ്യുകയും ചെയ്യുന്നു. പലപ്പോഴും ഇത് കഥാപാത്രങ്ങളെ വലം വയ്ക്കുകയും ചിലപ്പോൾ ഒന്നിലധികം രംഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു.

സാറ്റാൻ ടാൻഗോയുടെ തുടക്കത്തിലെന്നപോലെ, ഒരു ഷോട്ട് ഒരു കൂട്ടം പശുക്കളോടൊപ്പം ഒരു ഗ്രാമത്തിന് ചുറ്റും സഞ്ചരിക്കുകയോ, അല്ലെങ്കിൽ മദ്യം തീർന്ന് വീട് വിട്ടുപോകാൻ നിർബന്ധിതനായ ഒരു മദ്യപാനിയുടെ രാത്രി സഞ്ചാരങ്ങളെ പിന്തുടരുകയോ ചെയ്യാം.

അമേരിക്കൻ എഴുത്തുകാരിയും നിരൂപകയുമായ സൂസൻ സോണ്ടാഗ് (Susan Sontag) ബേലാ താറിനെ ആധുനിക സിനിമയുടെ രക്ഷകരിൽ ഒരാളായി പ്രസ്താവിച്ചു. താൻ സാറ്റാൻ ടാൻഗോ വർഷത്തിലൊരിക്കൽ സന്തോഷത്തോടെ കാണുമെന്ന് അവർ പറഞ്ഞു.

വെർക്ക്മൈസ്റ്റർ ഹാർമണീസിന് ശേഷം, ജോർജസ് സിമെനോന്റെ (Georges Simenon) നോവലിനെ അടിസ്ഥാനമാക്കി ദി മാൻ ഫ്രം ലണ്ടൺ ചിത്രീകരണം അദ്ദേഹം ആരംഭിച്ചു. 2005 മെയ് മാസത്തിലെ കാൻ ചലച്ചിത്രമേളയിൽ ഇത് റിലീസ് ചെയ്യാൻ നിശ്ചയിച്ചിരുന്നെങ്കിലും, നിർമ്മാതാവ് ഹംബെർട്ട് ബൽസന്റെ (Humbert Balsan) ഫെബ്രുവരിയിലെ ആത്മഹത്യ കാരണം നിർമ്മാണം മാറ്റിവച്ചു. ഇത് 2007-ലെ കാൻ ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കുകയും 2008-ൽ ലോകമെമ്പാടും റിലീസ് ചെയ്യുകയും ചെയ്തു.

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI



കവിത

# ചെറുത്തുനിൽപ്പിന്റെ വിഷാദം

**രാജാംബിക**
(വൈസ് പ്രസിഡന്റ്,
ഫിൽക്ക)

ശൈത്യം അസ്ഥികൾക്കുമേൽ കാമം
തീർക്കുന്ന,
നിശയുടെ അവസാന നാഴികകളിൽ
പുതുമണം വമിക്കും
ചൂടു വാർത്തകളുമായി
പത്രക്കാരൻ...

ഇതാ പുതിയ ശീലുകൾ, സ്വരസ്ഥാനങ്ങൾ,
ഗമകങ്ങൾ ആവിഷ്കരിക്കുവാൻ
പുതിയ തന്ത്രികൾ നെയ്തെടുക്കുന്നു
പഴയ വിപഞ്ചികയിൽ
ഒരു സംഗീതജ്ഞൻ !

വർണ്ണങ്ങളുടെ വസ്ത്രമെങ്ങോ
ഊർന്നുപോയെങ്കിലും
ഇരുളും വെളിച്ചവും ഇണചേരുന്നു
നിശബ്ദമായി,
നിഗൂഢമായ അർത്ഥതലങ്ങളിൽ
നിബിഡമായ ചുവപ്പ് നിഴലുകളുടെ
ശവങ്ങൾ.
ശിരസ്സിനെ ചുറ്റിപ്പറക്കുന്നു വിഭ്രാന്തിയുടെ
ഭ്രമരങ്ങൾ,
തലയോട് തുരന്നു കയറുന്നു
വിയോജിപ്പുകളും അനിഷ്ടങ്ങളും.

അദൃശ്യ ശക്തിപോൽ കുളമ്പടിയൊച്ച
അരികിലെത്തുന്നു,
അധികാരത്തിൻ വടംവലികൾക്കിടെ
മൂകം മറയുന്നു യുക്തിയും.
ചെറുത്തുനിൽപ്പിന്റെ വിഷാദത്തിൽ
അടിപതറുന്നു ആത്മവിശ്വാസവും.

അവശരാകുന്നു ജനജിഹ്വകൾ,
അധികാര ദുരമൂപ്പുകൾ,
എതിർപ്പുകളെ നിശ്ശബ്ദരാക്കുന്ന,



തടവറകളിൽ മുഷ്ടിയുയരുന്നു,
അഹിംസ ദംഷ്ട്രകാട്ടിയലറുന്നു.

മാനസിക ചികിത്സാലയം ആയി
മാറുന്നു തടവറകൾ,
പലനാൾ കൊണ്ടും കൊടുത്തും
കരളുറപ്പുള്ളവർ
ശിരസ്സുകുനിക്കുന്നു
ഉള്ളിൽ പാകിയ വിഷവിത്തുക്കളുടെ
മുള പൊട്ടുന്നു.
മാനഭംഗത്തിന്റെ വക്കിലും
അന്യായങ്ങളുമായി സമരസപ്പെടുന്നു,
തളയ്ക്കപ്പെടുമ്പോഴും അടിമത്തത്തിൻ
കണ്ണികളോട് ഇഴചേരുന്നു.

സൂര്യഗ്രഹണത്തിൻ പ്രകടനം
ആവിഷ്കരിക്കുവാൻ ,
കൂടെ കൂട്ടുന്നു പൗരഗണങ്ങളെ
അഷ്ടഗ്രഹങ്ങളാകുവാൻ,
സൗരയൂഥ നാടകം ചമയ്ക്കുവാൻ
സമചിത്തതയുടെ വക്കിൽ...

പൂർണ ഗ്രഹണ പ്രകടനം !
വെളിപാടിന്റെ പുസ്തകം തുറക്കുന്നു .
സ്വയം ഭ്രമണം ചെയ്യുന്ന ധരിത്രിയായ്
നിൽക്കുന്നു,
അതോടൊപ്പം വിശ്വ ഊർജ്ജ
സ്രോതസ്സിനെയും ചുറ്റി,
ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമായി
അത്ഭുതം നിർവചിക്കാൻ
സാഹസപ്പെടുന്നു ...

നിഴലുകളുടെ ലോകത്ത്
വേലിയേറ്റങ്ങൾ
അങ്കലാപ്പിനാൽ ജനം വിസ്മയിക്കെ
പ്രപഞ്ചത്തിൽ ദൃശ്യമായി പരിണാമങ്ങൾ.

കളിയായി തുടങ്ങിയ പരിക്രമണം
അസ്വസ്ഥരാക്കി പാവം മിണ്ടാപ്രാണികളെ.
പ്രകൃതി പോലും നിശബ്ദമായി !
എല്ലാം നിശ്ചലം !

ഭയം ഗ്രസിച്ച മിഴികളുമായി ജീവികൾ
വിരളുന്നു,
സംഭീതരായി,
കുടിനീരിറങ്ങാതെ, ഭീതി ഭേദിച്ചു
രക്ഷാതുരുത്തിനായി പലവഴി പരതുന്നു,
പായുന്നു.
ദയനീയ രോദനം മുഴങ്ങുന്നു, ഉലയുന്നു
അഭയ സങ്കേതങ്ങൾ,



താളഭംഗത്തിൻ അപസ്വരങ്ങൾ,
ഭൂവിലെങ്ങും അന്ത്യവിധിയുടെ യാമങ്ങൾ ..!

ഭ്രമണ വിസ്മയങ്ങൾതൻ
ആവിഷ്ക്കാരത്തിനൊടുവിൽ
ഭീതിദ നിശ്ചലാവസ്ഥ തോറ്റു പിന്മാറുന്നിതാ
ശുഭയുഗസംക്രമ കിരണത്തിൻ ഉജ്ജ്വല
മടങ്ങിവരവോടെ.

ഭരണചക്ര പിണ്ഡത്തിന്റെ സേവന
പരാജയമേറ്റ്
അസന്തുഷ്ടരായ ജനസഞ്ചയം പേറിടുന്ന
ഡെമോക്ലീസിന്റെ വാളുകൾ
ലോകാവസാനത്തിലേക്ക് കൂപ്പുകുത്തുന്ന
പോലെ !
കണ്ടു പ്രപഞ്ചം, ശിലപോൽ തരിച്ചു നിന്നു,
തകർച്ചയ്ക്കു മുൻപൊരു പ്രാർത്ഥനപോൽ.

സൂചകങ്ങൾ ഒരുക്കുന്ന യാഥാർത്ഥ്യ
ങ്ങളുടെ വ്യാകരണം പഠിച്ചെടുക്കേണം,
വർണ്ണങ്ങൾ മാഞ്ഞൊരാ ജീവിതയാത്രയിൽ,
കാർന്നുതിന്നുന്ന ഭീകര, മന്ദഭാവങ്ങൾ
എങ്ങും വിങ്ങലായി ഒളിച്ചിരിക്കുന്നു ,
അറപ്പിൻെറ വെറുപ്പിൻെറ
വാതായനങ്ങളിലൂടെ
വെളിപാടിന്റെ സ്വപ്നവേഗസഞ്ചാരം.

ഭരണത്തിൻ ദുഷ്കീർത്തി ചീഞ്ഞുനാറുന്നു
'തിമി' തിന്നു ചീർത്തൊരാ വൻമല
സമാനം...
ഉടനൊരു മോക്ഷം നേടുകയതസാദ്ധ്യം.
എന്നിട്ടും,
നന്മകൾ സമ്മാനിച്ച ഭാവത്തിൽ
പ്രദർശനം നടത്തുന്നു, അതിന്മേലും
കീശ നിറക്കുന്നു,
ഗർവ്വ് കാട്ടുന്നു, പരിഹാസ്യരായ
ദുഷിച്ച ഭരണഭാണ്ഡങ്ങൾ.

വമ്പൻ തിമിംഗല മൃതശരീരം
പ്രദർശനത്തിനെത്തുന്ന നഗരിക്കു
മുകളിലതാ
ദുർലക്ഷണത്തിൻ കാർമേഘമഷിക്കൂട്ട്
മൂകമായി കനംതൂങ്ങി നിൽപ്പൂ
സംഭാവ്യതയുടെ അജ്ഞാത വ്യഥകളിൽ
മഥിച്ചസ്വസ്ഥരാകുന്നു തൊഴിൽശക്തികൾ .

വർണ്ണനകൾക്കപ്പുറമുണ്ട് കുഴപ്പം
പ്രപഞ്ചത്തിൽ,
സൗരയൂഥഭ്രമണത്തിൻ താളം തെറ്റലുകൾ
ശവത്തിൻ നിഴലുകൾ
തീർക്കുന്നു
ചതുരനിഴൽച്ചിത്രങ്ങൾ
പാതയോരത്തെ വീട്ടുമുറ്റങ്ങളിൽ.



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI



ആക്രോശങ്ങളുതിർക്കുന്ന കരങ്ങൾ
തടവറയിൽ
ആകെ നമിച്ചിടുന്നു വൃദ്ധനഗ്നരോഗിക്കു
മുന്നിൽ.

കലാപങ്ങളിൽ , അടിച്ചമർത്തലുകളിൽ ,
രക്തസാക്ഷിത്വങ്ങളിൽ,
പ്രതിരോധത്തിന്റെ വിഷാദങ്ങളിൽ,
അളിഞ്ഞടിഞ്ഞ ശവത്തിൻ
രാക്ഷസദുർഗന്ധം,
അടയാത്ത ശവമിഴി പകരുന്ന
മുനയുള്ള നോട്ടം,
ശിരസ് തകർക്കുന്ന വിസ്ഫോടനങ്ങളാൽ
ചിന്തയുടെ രാഗലയങ്ങൾ ഉലഞ്ഞീടവെ...

മൂടൽമഞ്ഞു തീർത്ത പുകമറയ്ക്കുള്ളിൽ
മൂടപ്പെടുന്നു ദുർഭൂതം,
ഭൂതകാല വിപഞ്ചികയുടെ
തന്ത്രികൾ പുതുക്കിപ്പണിയുവാൻ വെമ്പിയ
കാലത്തിന്റെ കരങ്ങൾ പിൻവലിയുമ്പോഴും
,
ചെറുത്തുനിൽപ്പിൻ
ശോകമേഘങ്ങൾക്ക്
കനമേറുമ്പോഴും,
പ്രകൃതിയേതുകാലവും
ഭാരപ്പെടുമ്പോഴും,
പ്രതീക്ഷകളുടെ പരിവർത്തന
ഭ്രമണപഥത്തിലവസാനിക്കുന്നില്ല
നവരാഗലയഭാവതാള ഗ്രഹസംക്രമങ്ങൾ...



# 'അന്ധത' (Blindness) ; തിരിച്ചറിവിന്റെ നഷ്ടപ്പെടലുകൾ

ഡോ. പി. അജികുമാർ
(ഫിൽക്ക)




സാഹിത്യത്തിനുള്ള നോബൽ സമ്മാനം പോർച്ചുഗീസ് ഭാഷയ്ക്ക് ആദ്യമായി (1998) നേടിക്കൊടുത്ത 'ഷൂസെ സരമാഗോ' യുടെ പ്രശസ്ത നോവലാണ് ' ബ്ലൈൻഡ്നെസ് '(1995) . 2008 ൽ ഫെർണ ാണ്ടോ മെറീൽസ് ഇത് ചലച്ചിത്രമാക്കി. അതേ വർഷത്തെ കാൻ ഫെസ്റ്റിവലിൽ ആദ്യ ചിത്രമായി ബ്ലൈൻഡ്നസ് പ്രദർശിപ്പിച്ചു. കാമുവിന്റെ പ്ലേഗിനെ ഓർമ്മപ്പെടുത്തുന്ന ഈ ചിത്രത്തിൽ ഒരു ആധുനികനഗരത്തിലെ നിഗൂഢമായ സാമൂഹികവും ധാർമ്മികവുമായ തകർച്ച യുടെ കാരണങ്ങൾ പരിശോധിക്കുന്നു. അന്ധതയെ ഒരു രാഷ്ട്രീയ മാനസിക ആത്മീയ രൂപകമായി ഇതിൽ ഉപയോ ഗിക്കുന്നു.

അന്ധത ഒരു രോഗമല്ല മറിച്ച് അതൊരു സംസ്കാരത്തിന്റെ, മാനവികതയുടെ അന്ധതയുടെ സൂചനയാണ്. പെട്ടെന്ന് ആളുകൾക്ക് മുന്നിൽ വെളുത്ത വെളിച്ചം മറ പിടിക്കുകയും കാഴ്ച പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്യുന്നു . സാമൂഹ്യ സ്ഥാപനങ്ങൾ, ആശുപത്രി, പോലീസ്, ഭരണകൂടം എല്ലാം തകർന്നു പോകുന്ന ഈ ലോകത്തിൽ മനുഷ്യന്റെ യഥാർത്ഥ സ്വഭാവം തുറന്നുകാട്ടുന്നു.' കണ്ണിന് കാഴ്ചയുണ്ടെങ്കിലും ഒരുമിച്ചു ജീവിക്കു ന്നവരെ നമ്മൾ യഥാർത്ഥത്തിൽ കാണു ന്നുണ്ടോ?'എന്ന അടിസ്ഥാന പ്രമേയമാണ് ഇതിൽ ചർച്ച ചെയ്യുന്നത്.

ഒരു ട്രാഫിക് ലൈറ്റിനു മുന്നിലുള്ള കവല യിൽ ലൈറ്റ് പച്ചയായതിനു ശേഷവും ഡ്രൈവർ കാർ നിർത്തിയിട്ടിരിക്കുന്നു. ഇത് മറ്റുള്ള ഡ്രൈവർമാരെ അലോസര പ്പെടുത്തുന്നു. അയാൾ പെട്ടെന്ന് താൻ അന്ധനായെന്ന് ആക്രോശിക്കുന്നു. മറ്റൊരു ഡ്രൈവർ അന്ധനെ വീട്ടിൽ കൊണ്ടു പോകുന്നു. അയാൾ ഒരു കള്ളനാണ്. അവരുടെ കാർ മോഷ്ടിക്കുന്നു. അന്ധനെ പരിശോധിച്ച ഡോക്ടർ അമ്പരക്കുന്നു.





കാരണം അയാളുടെ കണ്ണിന് കുഴപ്പമില്ല. കാത്തിരുന്നു കാണുക എന്നാണ് ഡോക്ടർ പറയുന്നത്.

അന്ധന്റെ കാർ മോഷ്ടിച്ച കള്ളനും ചികിത്സിച്ച ഡോക്ടറും അന്ധരാകുന്നു. ഡോക്ടറുടെ രോഗികളിലൊരാളായ കറുത്ത കണ്ണട ധരിച്ച, വേശ്യാവൃത്തി ചെയ്യുന്ന യുവതി, ഹോട്ടലിൽ ഒരു പുരുഷനു മായി ബന്ധപ്പെടുമ്പോൾ അന്ധയാവുന്നു. അന്ധത വളരെ വേഗം പടർന്നു പിടിക്കുന്ന പകർച്ചവ്യാധിയാണെന്ന് ഡോക്ടർ മനസ്സിലാക്കുന്നു. തുടർന്ന് ആരോഗ്യ മന്ത്രാലയത്തെ വിളിക്കുകയും ക്രമേണ ഒരു' ക്വാറന്റൈൻ' മേഖല സ്ഥാപിക്കുകയും ഡോക്ടറും ഭാര്യയും ആദ്യം അവിടെ എത്തുകയും ചെയ്യുന്നു. ഡോക്ടറെ അനുഗമിച്ച ഭാര്യയ്ക്ക് കാഴ്ചയുണ്ട്. പക്ഷെ അന്ധയായി നടിക്കുകയാണ്.

പട്ടാളക്കാരുടെ കാവലിലുള്ള ഉപേക്ഷി ക്കപ്പെട്ട ഒരു മാനസികരോഗാശുപത്രി യാണ് ക്വാറന്റൈൻ മേഖല . ആദ്യം അന്ധനായ ആൾ, കാർ മോഷ്ടാവ് തുടങ്ങി ഓരോരുത്തരായി അവിടെ 'ഇന്റേണീസ്' ആയി എത്തുന്നു. ക്രമേണ എണ്ണം കൂടുന്നു. അവർ പാലിക്കേണ്ട ക്രൂരനിയമങ്ങളുടെ നീണ്ട പട്ടിക സർക്കാർ പ്രഖ്യാപിക്കുന്നു. ആശങ്കാകുലരായ രോഗികൾ ഡോക്ടറെ നേതാവാക്കാൻ നോക്കുന്നു. തനിക്ക് കാഴ്ചയുണ്ടെന്ന് ആരോടും പറയാത്ത ഡോക്ടറുടെ ഭാര്യ അവരെ നയിക്കാൻ തയ്യാറാകുന്നു.

ദിവസം കഴിയുന്തോറും രോഗികളുടെ എണ്ണംകൂടുന്നു. ഇതിനിടെ കള്ളന് കാലിൽ മുറിവ് പറ്റുകയും ഗുരുതരമാവുകയും ചെയ്യുന്നു. കരഞ്ഞ് യാചിച്ചിട്ടും മരുന്നു നൽകാത്ത സൈനികൻ അയാളെ വെടിവച്ചു കൊല്ലുന്നു. അത്താഴം വിളമ്പാൻ സൈനികർ എത്തുമ്പോൾ അന്ധരായ വിശന്ന ഇന്റേണികളെ കണ്ട് ഭയന്ന്, അവരെ വെടിവയ്ക്കുന്നു. ഒൻപതു പേർ കൊല്ലപ്പെടുന്നു. ഇന്റേണികൾക്ക് സമയബോധവും ദിനചര്യയും നഷ്ടപ്പെടുന്നു. സൈനികർ ഭക്ഷണം ആശുപത്രിക്കു പുറത്തു വയ്ക്കുന്നു. ഇതിനിടെ കൂടുതൽ ആളുകൾ എത്തുകയും കിടക്കകൾക്കായി പോരാടുകയും ചെയ്യുന്നു. ദുരന്തങ്ങൾ പെരുകുന്നു. പകർച്ചവ്യാധി തടയുന്ന തിൽ സർക്കാർ പരാജയപ്പെടുന്നു. നഗരത്തിൽ ഭൂരിഭാഗവും അന്ധരാണ് . പൊതുസേവനങ്ങൾ തകരുന്നു. നഗരം ഉപേക്ഷിക്കപ്പെട്ട കാറുകളാൽ നിറയുന്നു.





തിരക്ക് കാരണം ആശുപത്രി കൂടുതൽ വൃത്തിഹീനമാകുന്നു.

ഇത് പരിഹരിക്കാൻ തനിക്ക് കാണാൻ കഴിയുമെന്ന് വെളിപ്പെടുത്താൻ ഡോക്ടറുടെ ഭാര്യ ആലോചിക്കുന്നു. എന്നാൽ ഗുണ്ടകൾ അവിടെ നിയന്ത്രണം ഏർപ്പെടുത്തുന്നു. റേഷന് പകരം വിലപിടിപ്പുള്ള വസ്തു ക്കൾ ആവശ്യപ്പെടുന്നു. ഭക്ഷണം തീരെ കുറയ്ക്കുന്നു. പട്ടിണിയിലും നിരാശ യിലും നിസ്സഹായരായ സ്ത്രീകളെ ഗുണ്ടകൾ നിരന്തരം ബലാത്കാരം ചെയ്യുന്നു. തങ്ങൾ ആക്രമിക്കപ്പെടും എന്നുറപ്പിച്ച ഡോക്ടറുടെ വാർഡിലെ സ്ത്രീകൾ ഊഴം കാത്തിരുന്നു. ഒരു വേള ഡോക്ടറും കണ്ണട വച്ച പെൺകുട്ടിയും തമ്മിൽ ബന്ധപ്പെടുന്നു. സാക്ഷിയാകുന്ന ഡോക്ടറുടെ ഭാര്യ എതിർക്കുന്നതിന് പകരം അവരെ ആശ്വസിപ്പിക്കുന്നു . ഒരു രാത്രി കൊള്ളക്കാർ വാർഡിലെ ഏഴു സ്ത്രീകളെ ക്രൂരമായി പീഡിപ്പിക്കുന്നു. അതിൽ ഒരാൾ മരിക്കുന്നു.

ഡോക്ടറുടെ ഭാര്യ ഒളിപ്പിച്ച ഒരു കത്രികയും ഒരു കൂട്ടം സ്ത്രീകളുമായി പിന്തുടർന്ന് കൊള്ളക്കാരുടെ വാർഡിൽ പോയി നേതാവിനെ കുത്തിക്കൊല്ലുന്നു. ഭ്രാന്തമായ പോരാട്ടം നടക്കുന്നു. നേതാവ് കൊല്ലപ്പെട്ടതോടെ കൊള്ളക്കാർ ദുർബ്ബലരാകുന്നു. അവർ പുതിയ ഭക്ഷണം എത്തുന്നത് നിർത്തുന്നു. പട്ടിണി കിടക്കുന്ന ചില തടവുകാർ കൊള്ളക്കാരുടെ ഭരണത്തിൽ തങ്ങൾ മെച്ചമാണെന്ന് കരുതുന്നു. ഡോക്ടറുടെ ഭാര്യ തനിക്ക് കാഴ്ചയുണ്ടെന്ന് തീവ്രമായി വെളിപ്പെടുത്തുന്നു. ഇതിനിടെ മറ്റൊരു സ്ത്രീ കാര്യങ്ങൾ ഏറ്റെടുക്കുന്നു. കലാപത്തിന് തുടക്കം കുറിക്കുന്നു. കൊള്ളക്കാരുടെ കിടക്കകൾക്ക് തീയിടുന്നു. ആശുപത്രി തീപിടിക്കുന്നു. രോഗികൾ പുറത്തേക്കോടുന്നു.



വാസ്തവത്തിൽ നഗരം മുഴുവൻ ഭയാന കമായ നിശ്ശബ്ദതയും ഇരുട്ടുമാണ്. ദിശാബോധമില്ലാത്തവരും ആശയക്കുഴ പ്പത്തിലുമായ ഇന്റണീസ് നിസ്സഹായരായി നിൽക്കുന്നു.

തനിക്കും മറ്റുള്ളവർക്കും ഭക്ഷണവും പാർപ്പിടവും തേടി അലയുന്ന ഡോക്ടറുടെ ഭാര്യ ധാരാളം യാതനകൾ അനുഭവിക്കുന്നു. അപ്പാർട്ടുമെൻറിൽ തിരിച്ചെത്തിയ അവർ കൂട്ടുകാർക്ക് ഒരു പുസ്തകം വായിച്ചു കൊടുക്കുന്നു. വായിക്കുന്നതിനിടയിൽ ആദ്യത്തെ അന്ധന് പെട്ടെന്ന് കാഴ്ച തിരിച്ചുകിട്ടുന്നു. കൂട്ടത്തിലുള്ളവരെല്ലാം സന്തോഷിക്കുന്നു. അടുത്ത ദിവസം എല്ലാ വർക്കും കാണാൻ കഴിയുമെന്ന പ്രത്യാശ



പരക്കുന്നു. നഗരം മുഴുവൻ തെരുവുകളിൽ ആഘോഷിക്കുന്ന ആളുകളാൽ നിറയുന്നു. ‘ എല്ലാ മനുഷ്യരും കാണാൻ കഴിയുന്ന , പക്ഷേ കാണാത്ത അന്ധരാണ്.‘ എന്ന് ഡോക്ടർ പ്രഖ്യാപിക്കുന്നു. ഡോക്ടറുടെ ഭാര്യയ്ക്ക് അന്ധത ബാധിക്കുകയും ചെയ്യുന്നു .

അസ്തിത്വം, അനിശ്ചിതത്വം, സ്വയംഭരണം എന്നിവ ഇതിൽ വിശദീകരിക്കുന്നു. നിശൂഢമായി അന്ധരായി മാനസിക



രോഗാശുപത്രിയിൽ അകപ്പെട്ട്, സ്വയം രക്ഷപ്പെടാൻ നിർബന്ധിതരായ കഥാപാത്ര ങ്ങൾ മനുഷ്യ പ്രകൃതിയുടെ വൃത്തികെട്ട വശങ്ങളെ പ്രതിനിധീകരിക്കുന്നു. അവർ ദുർല്ലഭമായ ഭക്ഷണത്തിനായി മത്സരിക്കുന്നു. പട്ടാളക്കാർ ക്രൂരമായി ഉപദ്രവിക്കുന്നു, കൊല്ലുന്നു. എന്നാൽ അനിവാര്യമായും മനുഷ്യർ സ്വാർത്ഥരാണെന്ന് ’സരമാഗോ’ കരുതുന്നില്ല. അവർ നൻമ ചെയ്യാൻ സന്നദ്ധരാണ്.

അന്ധതയിലുടനീളം കഥാപാത്രങ്ങൾ തങ്ങൾക്ക് എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കാൻ പാടുപെടുന്നു. മനസ്സാക്ഷി ക്കു നിരക്കാത്ത സാഹചര്യങ്ങൾക്ക് അവർ ആഖ്യാനങ്ങളിലൂടെ അർത്ഥം നൽകുന്നു. ആളുകൾ സ്വയം പറയാൻ തെരഞ്ഞെടുക്കുന്ന ആഖ്യാനങ്ങൾക്ക് അവരുടെ ഐഡന്റിറ്റികളെ നിർവ്വചിക്കാൻ കഴിയുന്നു.

നേത്രരോഗഡോക്ടർ, ഡോക്ടറുടെ ഭാര്യ, കറുത്ത കണ്ണടവച്ച പെൺകുട്ടി, കറുത്ത ഐ പാച് ധരിച്ച വൃദ്ധൻ, ആദ്യത്തെ അന്ധൻ, അന്ധന്റെ ഭാര്യ, കണ്ണിറുക്കലുള്ള പെൺകുട്ടി, അജ്ഞാതനായ ആഖ്യാതാവ്, കാർ കള്ളൻ, കണ്ണീരിന്റെ നായ, കൊള്ളക്കാരുടെ നേതാവ്, വൃദ്ധ, എഴുത്തുകാരൻ തുടങ്ങി ധാരാളം കഥാപാത്രങ്ങൾ ഇതിൽ കാണാം. എന്നാൽ ഈ കഥാപാത്രങ്ങൾക്കൊന്നും

പേരില്ല എന്നത് കഥയെ ലോകമെമ്പാടു മുള്ളവർക്കും ബാധകമാക്കുന്നുണ്ട്. വെളുത്ത അന്ധത പ്രേക്ഷകർക്ക് അനുഭവവേദ്യമാകുന്ന വിധം സിനിമയിലെ ദൃശ്യങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നു. ബ്ലീച്ഡ് ഔട്ട് ഫ്രെയിമുകൾ, മങ്ങിയ ചിത്രങ്ങൾ, അതിവെളിച്ചം നിറഞ്ഞ ക്യാമറ പ്രയോഗം എന്നിവയിലൂടെ സിനിമ പ്രേക്ഷകരെ അന്ധതയുടെ ആന്തരിക കലഹത്തിലേക്ക് തള്ളിവിടുന്നു.

മാർക്ക് റഫറലോ,( ഡോക്ടർ) ജൂലിയാൻ മൂർ,( ഭാര്യ), ആലിസ് ബ്രാഗ, ഡോൺ മക്കെല്ലൻ, മൗറിചേയ്ക്കിൻ തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളാകുന്നു.

പോർച്ചുഗലിന്റെ രാഷ്ട്രീയചരിത്രത്തിൽ പൊതുതാൽപ്പര്യം അവഗണിക്കുകയും ഒരു കോർപ്പറേഷനായി പ്രവർത്തിക്കു കയും ചെയ്ത ‘അന്റോണിയോ സലാസറി‘ ന്റെ സർക്കാരിനെ സരമാഗോ ഇവിടെ വ്യംഗ്യമായി സൂചിപ്പിക്കുന്നു. ഇരുപതാം നൂറ്റാണ്ടിലെ ഫാസിസത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും അലയൊലി കൾ ഇപ്പോഴും മുഴങ്ങുന്നുണ്ട്. അധികാരം ക്രൂരമായും ഏകപക്ഷീയമായും പ്രയോ ഗിക്കുന്ന സ്വേച്ഛാധിപത്യം പൗരൻമാരെ സാമൂഹ്യക്രമത്തിന് ഭീഷണിയായി പുനർനിർമ്മിക്കുകയും, അവർക്കെതിരായ അക്രമത്തെ ന്യായീകരിക്കാൻ എതിരാ ളികളെ മനുഷ്യത്വരഹിതരാക്കുകയും ചെയ്യുന്നു. ഈ ആശയം ഇവിടെ പ്രതിഫലിക്കുന്നു.

ഇതിലെ പട്ടാളക്കാരും കൊള്ളക്കാരും തങ്ങൾക്ക് ഭീഷണിയാകുന്ന ആരെയും ചൂഷണം ചെയ്യാനും ദുരുപയോഗം ചെയ്യാനും അവരുടെ ശക്തി ഉപയോഗി ക്കുന്നവരാണ്. ’സരമാഗോ’യുടെ നായകൻമാർ മാനസിക ആശുപത്രി ക്കുള്ളിൽ അനുഭവിക്കുന്ന പട്ടിണി, കൂട്ടക്കൊല, മനുഷ്യത്വരഹിതവൽക്കരണം എന്നിവയിലൂടെ താൻ അനുഭവിച്ച ഫാസിസ്റ്റ് ഭരണകൂട അക്രമത്തെയും വംശഹത്യ യെയും മറയില്ലാതെ പ്രതിഫലിപ്പിക്കുന്നു. അതുപോലെ അന്ധത എന്ന രൂപകത്തിലൂടെ രാഷ്ട്രീയ സാമൂഹിക തിരിച്ചറിവ് നഷ്ടപ്പെടുന്ന പ്രതിഭാസത്തെയും ഓർമ്മിപ്പിക്കുന്നു.




November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

# ഷൂസെ സരമാഗോ : നോബൽ പ്രൈസ് പോർട്ടുഗീസ് നോവലിസ്റ്റ്



**മിഥില**
(ഫിൽക്ക)



ഷൂസെ സരമാഗോ ( Jose Sar- mago - 1922-2010) : സ്വയ സിദ്ധമായ രീതികൾ കൊണ്ടും പുതിയ ആശയങ്ങൾ കൊണ്ടും വ്യത്യസ്ത നായ പോർട്ടുഗീസ് സാഹിത്യകാരൻ . അദ്ദേഹത്തിന്റെ എടുത്തു പറയപ്പെട്ട കൃതികൾ ഇവയൊക്കെയാണ്.


Blindness (1995) , The Gospel according to Jesus Christ (1991), Memmoriyal of the convent (1982) , The year of the Death of Recardo Reis(1984) തുടങ്ങിയ കൃതികൾ ശ്രദ്ധേയമാണ്. 1998 ൽ നോബൽ പുരസ്കാരത്തിനു അർഹനായി.

50 വയസിനു ശേഷമാണ് സരമാഗോ സാഹിത്യത്തിനായി സ്വയം സമർപ്പിച്ചത്. പോർച്ചുഗീസ് കർഷകത്തൊഴിലാളി കളുടെ കഷ്ടപ്പാടുകളിൽ ശ്രദ്ധ കേന്ദ്രീ കരിച്ചുള്ള കുടുംബത്തെയും വിപ്ലവ ത്തെയും കുറിച്ചുള്ള ഒരു ചരിത്ര പരമായ ലെവന്റഡോ ദോ ചാവോ (1980, Raised from the Earth) എന്ന നോവൽ പ്രസിദ്ധീകരിച്ചതോടെ അദ്ദേഹം പോർച്ചുഗലിൽ പ്രശസ്ത നായി. രണ്ട് വർഷത്തിന് ശേഷം മെമ്മോറിയൽ ഡു കൺവെന്റോ (1982; ബാൾട്ടസാർ ആൻഡ് ബ്ലിമു ) എന്ന കൃതി യിലൂടെ അദ്ദേഹം അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയനായി . പതിനെട്ടാം നൂറ്റാണ്ടിലെ പോർച്ചുഗലിൽ ഒരു സ്മാരക ക്ലോയിസ്റ്ററിന്റെ നിർമ്മാണവും പതിനായിര ക്കണക്കിന് തൊഴിലാളികളുടെ മരണവും , ബാൾട്ടസാറും ബ്ലിമുയും തമ്മിലുള്ള പ്രണയകഥയ്ക്ക് പശ്ചാത്തലം നൽകുന്നു. കടുത്ത കമ്മ്യൂണിസ്റ്റും നിരീശ്വരവാദിയും എല്ലാത്തരം അടിച്ചമർത്തലുകൾക്കും എതിരെ ആവർത്തിച്ച് എഴുതുകയും ലളിതമായ ജനങ്ങളുടെ കാര്യങ്ങൾ ആവേശത്തോടെ ഏറ്റെടുക്കുകയും ചെയ്യുന്ന സരമാഗോയുടെ നോവലുകൾ അവയുടെ സാങ്കൽപ്പികതയ്ക്കും ചിലപ്പോൾ പരിഹാസത്താലോ വിരോധാഭാസത്താലോ അസ്വസ്ഥ പ്പെടുത്തുന്ന ഭാഷയ്ക്കും പേരുകേട്ടതാണ്. രചയിതാവിന്റെ സാങ്കൽപ്പിക ലോകങ്ങൾ



ചരിത്രത്തെ പൗരാണിക - സർ റിയൽ ഫിക്ഷനുമായി സമർത്ഥമായി സംയോജിപ്പിക്കുന്നു.

അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതികളിൽ ഒന്നാണ് എൻസായോ സോബ്രെ എ സെഗ്വേര (1995, അന്ധത ). 2008ൽ സംവിധായകൻ ഫെർണാഓ മെയ്റെല്ലസ് സിനിമയ്ക്ക് വേണ്ടി ഈ നോവലിനെ രൂപാന്തരപ്പെടുത്തി. അതിജീവനത്തിനായുള്ള പോരാട്ടത്തിൽ അന്ധരാകുകയും എല്ലാ മനുഷ്യത്വവും നഷ്ടപ്പെടാൻ സാധ്യതയുള്ളതുമായ ഒരു സമൂഹത്തെക്കുറിച്ചുള്ള വേട്ടയാടുന്ന നോവൽ, സഹവർത്തിത്വത്തെയും മനുഷ്യ നിലനിൽപ്പിന്റെ അടിത്തറയെയും കുറിച്ചുള്ള ചോദ്യമാണ് ഉയർത്തുന്നത്.




2006 ലെബനൻ യുദ്ധത്തിന്റെ സമയത്ത് പ്രസ്സ് കോൺഫറൻസിൽ രാഷ്ട്രീയ രംഗത്തെ അന്ധതകളെ കുറിച്ച് ചോദ്യങ്ങൾ ഉന്നയിച്ചു. അന്ധത എന്ന നോവൽ രാഷ്ട്രീയ - സമൂഹ മനഃശാസ്ത്ര രോഗത്തെ പ്രതീകവൽക്കരിക്കുന്നു . ദീർഘമായ വരി ഒരു പേജ് തന്നെ നിറഞ്ഞുനിൽക്കുന്നു . കോമകൾ നിറഞ്ഞ എഴുത്ത്. പ്രവാചക സ്വഭാവമുണ്ടായിരുന്ന അന്ധതയെ കുറിച്ച് അദ്ദേഹം പറഞ്ഞത് പേര് പറയാത്ത ഒരു രാജ്യത്ത് സംഭവിക്കാൻ സാധ്യതയുള്ള കാര്യത്തിന്റെ മുൻകൂട്ടിയുള്ള കാഴ്ചപ്പാടാണ്.

പുരോഗമന ചിന്തകൾ കൊണ്ട് വ്യവസ്ഥാപിത രംഗങ്ങളിൽ നിന്ന് വിമർശനങ്ങളെ നേരിടേണ്ടി വന്നു. തമാശ രൂപത്തിലുള്ള വിമർശനങ്ങൾ ദൈവത്തെ കുറിച്ച് യാഥാസ്ഥിത ചിന്തകൾക്ക് യോജിച്ചതായിരുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗം ആയിരുന്ന അദ്ദേഹം കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാരൻ ആയിരുന്നു.

നിരീശ്വരവാദിയായ അദ്ദേഹത്തിന്റെ കൃതികൾ പൊതുവെ പിൻതള്ളപ്പെട്ടിരുന്നു . ദി അക്കോർഡിങ് ടു ജീസസ് ക്രൈസ്റ്റ് യൂറോപ്യൻ ലിറ്ററേച്ചർ പ്രൈസിന് നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നു. ജീസസിനെ കുറിച്ചുള്ള നോവലിൽ മേരി മാഗ് ഡെലേന എന്ന സ്ത്രീയുടെ കൂടെ ജീവിച്ചു എന്നുള്ള ഒരു പരാമർശം മതഭ്രാന്തിനെ ഇളക്കി വിടുന്ന ഒരു വിപ്ലവം ആയിരുന്നു. സ്വീഡിഷ് ഗവണ്മെന്റ് തീരുമാനിച്ച നോബൽ സമ്മാനം കൊടുക്കുന്നതിനെതിരായി വത്തിക്കാൻ ചോദ്യം ചെയ്തു. സ്വന്തം പ്രാർത്ഥനയിൽ ശ്രദ്ധിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു . പ്രാർത്ഥനയിൽ വിശ്വാസവും എന്നാൽ സ്ഥാപിത സങ്കല്പങ്ങളോടുള്ള ബഹുമാനമില്ലായ്മയും അദ്ദേഹം പുലർത്തി . ലിസ്ബണിൽ 1989 തൊട്ട് 2009 വരെ എല്ലാ തിരഞ്ഞെടുപ്പിലും സാധ്യതകൾ തീരെ ഇല്ലായിരുന്നിട്ടും വിജയിച്ചു . യൂറോപ്യൻ യൂണിയന്റെ വിമർശകൻ ആയിരുന്നു .



അധികം നോവലുകളും രാഷ്ട്രീയമായിരുന്നു. മാർക്സിസം നിറഞ്ഞ ആശയങ്ങൾക്കു തെളിവാണ് ദി നോട്ട് ബുക്ക് എന്ന നോവൽ.

പുസ്തകങ്ങളിൽ സത്യസന്ധത നിറഞ്ഞു നിൽക്കുന്നു. വേറിട്ട ചിന്താഗതിയിലുള്ള തുറന്നെഴുത്ത്. മനുഷ്യൻ എന്ന നിലയിലുള്ള സ്വാധീനം ആണ് അദ്ദേഹത്തിന് സാഹിത്യത്തിൽ പ്രാധാന്യം കൊടുത്തത്. കുടുംബ ഭദ്രതയ്ക്കും മനുഷ്യത്വത്തിനും വേണ്ടി പ്രവർത്തിച്ചു.

1984 ൽ Year of the Record ന് പെൻ അവാർഡ്, Independent Forighn Fiction Award എന്നിവ ലഭിച്ചു.

## ഷൂസെ സരമാഗോയുടെ പ്രധാന കൃതികൾ

**Land of Sin (1947)**
**Possible Poems (1966)**
**Probably by Joy ( 1970).**
**This World and the Other (1971)**
**The Traveller's Baggage (1973)**
**The Embargo (1973)**
**Opinions that DL had (1974)**
**The Year of 1993 ( 1975)**
**The Notes ( 1976)**
**Manual of Painting Calligraphy ( 1978)**
**The Lives of Things ( 1978)**
**The Night (1979)**
**Raised from the Ground ( 1980)**
**What Will I Do With This Book? (1980)**
**Journey to Portugal ( 1981)**
**Baltasar and Blimunda ( 1982)**
**The Year of the Death of Ricardo Reis (1984)**
**The Stone Raft (1986)**
**The Second Life of Francisco de Assis (1987)**
**The History of the Siege of Lisbon (1989)**
**The Gospel According to Jesus Christ (1991)**
**In Nomine Dei (1993)**
**Lanzarote Notebooks (1994)**
**Blindness (1995)**
**All the names (1997)**
**The tail of the unknown island (1997)**
**The Cave ( 2000)**
**Our word is our weapon (2000)**
**The double ( 2002)**
**Seeing ( 2004)**
**Death with Interruptions ( 2005)**
**The Elephant's Journey (2008)**
**Cain ( 2009)**



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI

# ഫെർണാണ്ടോ ഫെരേര മെയറല്ലെസ്: ബ്ലൈൻഡ്നെസ്സ് എന്ന വിസ്മയ സിനിമ സംവിധായകൻ



**അഞ്ജു കാർത്തിക**
(ഫിൽക്ക)



2007-ൽ ഫെർണാഡോ മെയറല്ലെസ് ബ്ലൈൻഡ്നെസ്സ് (Blindness) എന്ന സിനിമയുടെ ചിത്രീകരണം ആരംഭിച്ചു. നോബൽ സമ്മാന ജേതാവായ ജോസ് സരാമഗോയുടെ Ensaio Sobre a Cegueira എന്ന പോർച്ചുഗീസ് കൃതിയെ ആസ്പദമാക്കിയാണ് ഈ ചിത്രം ഒരുക്കിയത്. 2008-ൽ പുറത്തിറങ്ങിയ ഈ ചിത്രം കാൻ ഫിലിം ഫെസ്റ്റിവലിലെ ഉദ്ഘാടന ചിത്രമായിരുന്നു. 2016-ൽ റിയോ ഡി ജനീറോയിൽ നടന്ന ഒളിമ്പിക്സ് ഉദ്ഘാടന ചടങ്ങിലെ ക്രിയേറ്റീവ് ഡയറക്ടർമാരിൽ ഒരാളും അദ്ദേഹമായിരുന്നു.

പ്രശസ്തനായ ഒരു ബ്രസീലിയൻ ചലച്ചിത്ര സംവിധായകനാണ് ഫെർണാണ്ടോ ഫെരേര മെയറല്ലെസ്. 2002-ൽ ബ്രസീലിലും 2003-ൽ അമേരിക്കയിലും പുറത്തിറങ്ങിയ സിറ്റി ഓഫ് ഗോഡ് (City of God) എന്ന ചിത്രത്തിന്റെ സഹസംവിധായകൻ എന്ന നിലയിലാണ് അദ്ദേഹം ഏറ്റവും കൂടുതൽ അറിയപ്പെടുന്നത്. അന്താരാഷ്ട്ര തലത്തിൽ നിരൂപക പ്രശംസ നേടിയ ഈ ചിത്രത്തിലെ മികവിന് അദ്ദേഹത്തിന് മികച്ച സംവിധായകനുള്ള ഓസ്കർ നോമിനേഷൻ ലഭിച്ചിരുന്നു. 2005-ൽ പുറത്തിറങ്ങിയ ദി കോൺസ്റ്റന്റ് ഗാർഡനർ (The Constant Gardener) എന്ന ചിത്രത്തിന് മികച്ച സംവിധായകനുള്ള ഗോൾഡൻ ഗ്ലോബ് നോമിനേഷനും ലഭിച്ചു. ഈ ചിത്രത്തിലെ പ്രകടനത്തിന് നടി റേച്ചൽ വെയ്സിന് മികച്ച സഹനടിക്കുള്ള ഓസ്കർ അവാർഡ് ലഭിക്കുകയുണ്ടായി. 2011-ൽ 360 എന്ന



ചിത്രവും 2019-ൽ നെറ്റ്ഫ്ലിക്സിന് വേണ്ടി ദി ടു പോപ്സ് (The Two Popes) എന്ന ചിത്രവും അദ്ദേഹം സംവിധാനം ചെയ്തു.

ടെലിവിഷൻ രംഗത്ത്, എച്ച്ബിഒ (HBO) ഒറിജിനൽ സീരീസായ ജോയിന്റ് വെഞ്ചർ അദ്ദേഹം ബ്രസീലിൽ സംവിധാനം ചെയ്യുകയും നിർമ്മിക്കുകയും ചെയ്തു. 2024-ൽ ഷുഗർ എന്ന ക്രൈം

സീരീസിന്റെയും ദി സിംപതൈസർ എന്ന ചരിത്രപരമായ മിനി സീരീസിന്റെയും സംവിധാനത്തിന് അദ്ദേഹം നേതൃത്വം നൽകി.

വിസ്മയകരമായ കഥപറച്ചി ലിനും, ചലനാത്മകമായ ചലച്ചിത്ര നിർമ്മാണ ശൈലിക്കും പേരുകേട്ട ബ്രസീലിയൻ ചലച്ചിത്ര സംവിധായ കനാണ് ഫെർണാണ്ടോ മെയ്റെല്ലസ്.

1955 നവംബർ 9 ബ്രസീലിലെ സാവോ പോളോയിലാണ് മെയ്റെല്ലസ് ജനിച്ചത്. സാംസ്കാരികമായി വളരെ സമ്പന്നമായ ഒരു അന്തരീക്ഷത്തി ലാണ് അദ്ദേഹം വളർന്നത്. കുടുംബത്തിന്റെ വൈവിധ്യമാർന്ന പശ്ചാത്തലങ്ങളും അനുഭവങ്ങളും അദ്ദേഹത്തെ




സ്വാധീനിച്ചു മെയ്റെല്ലസിന്റെ പിതാവ് ജോസ് ഡി സൂസ മെയ്റെല്ലസ്ഗ്യാസ്ട്രോ എൻട്രോളജിസ്റ്റായിരുന്നു. ഏഷ്യയിലേക്കും വടക്കേ അമേരിക്കയിലേക്കും പതിവായി യാത്ര ചെയ്തിരുന്ന ഫെർണാണ്ടോ യ്ക്ക് വ്യത്യസ്ത സംസ്കാര ങ്ങളുമായും സ്ഥലങ്ങളുമായും ബന്ധ പ്പെടാൻ അവസരമുണ്ടായി. പിതാവിന്റെ ജോലി കാരണം, മെയ്റെല്ലസിന്റെ കുടുംബം നിരവധി രാജ്യങ്ങളിൽ യാത്ര ചെയ്തിരുന്നു. ഇത് ചെറുപ്പത്തിൽ തന്നെ വിവിധ ലോക സംസ്കാരങ്ങളെ ക്കുറിച്ചറിയാൻ മെയ്റെല്ലസിനെ പ്രാപ്തനാക്കി.. അദ്ദേഹത്തിന്റെ അമ്മ സോണിയ ജുൻകിയ ഫെറേറ ലാൻഡ് സ്കേപ്പ് ആർക്കിടെക്റ്റും ഇന്റീരിയർ ഡിസൈനറുമായിരുന്നു. നാല് മക്കളിൽ രണ്ടാമത്തവനാണ് ഫെർണാണ്ടോ. നാല് വയസ്സുള്ളപ്പോൾ തന്റെ മൂത്ത സഹോദരൻ ജോസ് മാർക്കോസ് ഒരു കാർ-ബൈക്ക് അപകടത്തിൽ മരണപ്പെട്ടിരുന്നു. സഹോദ രിമാരായ മാർസിയയും സിൽവിൻഹയും നാടകത്തിലും മനഃശാസ്ത്രത്തിലും ബിരുദം നേടി. സാവോ പോളോയിലെ വെസ്റ്റ് സോണിലെ ആൾട്ടോ ഡോസ് പിൻഹീറോസിലാണ് ഫെർണാണ്ടോ വളർന്നത്. ലോകയാത്രയില്ലാത്ത സമയത്ത്, മെയ്റെല്ലസ് തന്റെ യൗവനം സാവോ പോ ളോയുടെ പടിഞ്ഞാറൻ ജില്ലയായ ആൾട്ടോ ഡി പിൻഹീറോസില കൃഷിയിട ങ്ങളിലാണ് ചിലവഴിച്ചിരുന്നത്.

സിനിമയുമായുള്ള അദ്ദേഹത്തിന്റെ ആദ്യ അനുഭവം അദ്ദേഹത്തിന്റെ പിതാവി നൊപ്പമായിരുന്നു,മെയ്റെല്ലസിന്റെ പിതാവിന്റെ ജോലിയുടെ ഭാഗമായി




അദ്ദേഹം ജോലി ചെയ്തിരുന്ന യൂണിവേ ഴ്സിറ്റിയ്ക്ക് വേണ്ടി പലപ്പോഴും 8 എംഎം സിനിമകൾ സംവിധാനം ചെയ്തിരുന്നു. ബന്ധുക്കളെയും സുഹൃത്തുക്കളെയും അഭിനേതാക്കളായി ഉപയോഗിച്ചു കൊണ്ട് അദ്ദേഹം പ്രധാനമായും

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-VI




പാശ്ചാത്യ, ത്രില്ലർ പാരഡികൾ നിർമ്മിച്ചു. സർവകലാശാലയ്ക്കുവേണ്ടി എട്ട് മില്ലിമീറ്റർ ഫിലിമുകൾ നിർമ്മിക്കുമായിരുന്നു. ചിലപ്പോൾ അദ്ദേഹം ക്യാമറയും മെയ്റെല്ലസ് കുടുംബം അഭിനയിച്ച ഫിലിം പാരഡി സിനിമകളും വീട്ടിലേക്ക് കൊണ്ടുവരുമായിരുന്നു. ഈ കുടുംബ സിനിമകളും, പയനിയർ കാർട്ടൂണിസ്റ്റ് നോർമൻ മക്ലാരന്റെ ആനിമേഷനുകളും, മെയ്റെല്ലസിന്റെ ആദ്യകാല സിനിമയോടുള്ള താൽപ്പര്യത്തെ വളരെയധികം സ്വാധീനിച്ചു.

1967 – ൽ 11 വയസ്സുള്ളപ്പോൾ, ഫെർണാണ്ടോ ഒരു വർഷം അമേരിക്കയിൽ കാലിഫോർണിയയിൽ ചെലവഴിച്ചു, അവിടെയുള്ള ഹിപ്പി പ്രസ്ഥാനം അദ്ദേഹത്തെ ആകർഷിച്ചു. 13 വയസ്സുള്ളപ്പോൾ, കടമെടുത്ത സൂപ്പർ 8 ക്യാമറ ഉപയോഗിച്ച്, നോർമൻ മക്ലാരന്റെ ആനിമേഷനുകളിൽ നിന്ന് പ്രചോദനം ഉൾക്കൊ ണ്ട് മെറെല്ലസ് ചെറിയ സിനിമകൾ നിർമ്മിക്കാൻ തുടങ്ങി .

റിയോ ഡി ജനീറിയോയിലെ ഫാവെലകളിലെ ജീവിതത്തിലെ വെല്ലുവിളികളെ തീവ്രമായി ചിത്രീകരിക്കുന്ന സിറ്റി ഓഫ് ഗോഡ് (2002) എന്ന തന്റെ നാഴികക്കല്ലായ ചിത്രത്തിലൂടെ മെയ്റെല്ലസ് അന്താരാഷ്ട്ര പ്രാധാന്യം നേടി, കൂടാതെ നാല് അക്കാദമി അവാർഡ് നോമിനേഷനുകൾ ഉൾപ്പെടെ നിരവധി അംഗീകാരങ്ങളും നേടി. ദി കോൺസ്റ്റന്റ് ഗാർഡനർ (2005), ബ്ലൈൻഡ്നെസ് (2008) തുടങ്ങിയ അദ്ദേഹത്തിന്റെ തുടർന്നുള്ള കൃതികൾ, ആഴത്തിലുള്ള മനുഷ്യ ആഖ്യാനങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്നവയായിരുന്നു. ഇതൊക്കെ ഒരു സംവിധായകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രശസ്തി കൂടുതൽ ദൃഢമാക്കി.

ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയും ഫ്രാൻസിസ് മാർപ്പാപ്പയും തമ്മിലുള്ള ബന്ധത്തിന്റെ ആഴം കുറിയ്ക്കുന്ന ദ ടു പോപ്പ്സും (2019) നിരൂപക പ്രശംസ നേടിയ ഒട്ടനവധി സിനിമകളും മെയ്റെല്ലസ് സംവിധാനം ചെയ്തിട്ടുണ്ട്. സിനിമയ്ക്കപ്പുറം, ഒരു സൃഷ്ടാവ് എന്ന നിലയിൽ തന്റെ വൈദഗ്ധ്യം പ്രകടമാക്കിയത് അദ്ദേഹം ചെയ്ത ടെലിവിഷൻ പ്രോജക്ടുകളിലൂടെയായിരുന്നു.

അദ്ദേഹത്തിന്റെ നിർമ്മാണ കമ്പനിയായ O2 ഫിലിംസ് ബ്രസീലിയൻ ചലച്ചിത്ര മേഖലയിൽ ഏറ്റവും പ്രധാന പങ്ക് വഹിച്ചിരുന്നു. സംവിധായകന്റെ കൃതികൾ വിനോദം മാത്രമല്ല, സാമൂഹിക



വിഷയങ്ങളിൽ വെളിച്ചം വീശുകയും ചെയ്യുന്നതായത് കൊണ്ടാണ് അദ്ദേഹത്തെ സമകാലിക സിനിമയിലെ ഏറ്റവും ശ്രദ്ധേയനായ വ്യക്തിയാക്കി മാറ്റിയത്. ബാലെ നർത്തകി സിയ മെയ്റെല്ലസ് അദ്ദേഹത്തിന്റെ ഭാര്യയാണ്. അവർക്ക് ഫ്രാൻസിസ്കോ, കരോലിന എന്നിങ്ങനെ രണ്ട് മക്കളുമുണ്ട്.

1980-കളിൽ സാവോ പോളോ സർവകലാശാലയിലെ ആർക്കിടെക്ചർ ആൻഡ് അർബനിസം കോളേജിൽ അദ്ദേഹം പഠനം നടത്തി. പഠനത്തിന്റെ അവസാന വർഷ പ്രോജക്റ്റിനായി മറ്റ് വിദ്യാർത്ഥികളെപ്പോലെ പരമ്പരാഗത ഡിസൈനുകൾ ചെയ്യുന്നതിന് പകരം അദ്ദേഹം ഒരു സിനിമയാണ് നിർമ്മിച്ചത്. ഇതിനായി അദ്ദേഹം ജപ്പാനിൽ പോയി പ്രൊഫഷണൽ വീഡിയോ ഉപകരണങ്ങൾ വാങ്ങി. ഒടുവിൽ, ഏറ്റവും കുറഞ്ഞ വിജയശതമാനത്തോടെ അദ്ദേഹം ബിരുദം നേടി.

യൂണിവേഴ്സിറ്റി പഠനകാലത്ത് മെയറല്ലെസ് പരീക്ഷണാടിസ്ഥാനത്തിലുള്ള സിനിമാ നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നു. സ്വതന്ത്ര ടെലിവിഷൻ രംഗത്തെ ഏതാനും വർഷത്തെ പ്രവർത്തനത്തിന് ശേഷം അദ്ദേഹം ഒരു പരസ്യചിത്ര സംവിധായകനായി മാറി. സിറ്റി ഓഫ് ഗോഡ്, ഡൊമസ്റ്റിക്കാസ്, വിവാ വോസ തുടങ്ങിയ ചിത്രങ്ങൾ നിർമ്മിച്ച ബ്രസീലിലെ ഏറ്റവും വലിയ പരസ്യ കമ്പനിയായ O2 ഫിലിംസിന്റെ (O2 Filmes) പങ്കാളികളിൽ ഒരാളാണ് അദ്ദേഹം ഇപ്പോഴും.

നാല് സുഹൃത്തുക്കൾക്കൊപ്പം പരീക്ഷണാത്മക സിനിമകളിലൂടെയാണ്




മെയറല്ലെസ് തന്റെ കരിയർ ആരംഭിച്ചത്. ഒടുവിൽ അവർ ഒൽഹാർ ഇലട്രോണിക്കോ (Olhar Eletrônico) എന്ന പേരിൽ ഒരു സ്വതന്ത്ര നിർമ്മാണ കമ്പനി രൂപീകരിച്ചു. 1982-ൽ, സമകാലിക വിഷയങ്ങളെക്കുറിച്ചുള്ള ടിവി പ്രോഗ്രാമുകളും 180 എപ്പിസോഡുകളുള്ള കാസ്റ്റലോ റാ-ടിം-ബംഎന്ന കുട്ടികളുടെ പരമ്പരയും ഈ കമ്പനി സംപ്രേക്ഷണം ചെയ്തു. ഉയർന്ന റേറ്റിംഗ് നേടിയതിനൊപ്പം, വാർത്താ അവതരണത്തിൽ നവോന്മേഷപ്രദവും ഹാസ്യാത്മകവുമായ ഒരു അനൗപചാരിക ശൈലി കൊണ്ടുവരാനും അവർക്ക് സാധിച്ചു.

1980-കളുടെ അവസാനത്തോടെ അദ്ദേഹത്തിന് പരസ്യ വിപണിയിൽ താൽപ്പര്യമേറി. 1990-ൽ മെയറല്ലെസും സുഹൃത്തുക്കളും ചേർന്ന് 'ഒൽഹാർ ഇലട്രോണിക്കോ' പൂട്ടി 'O2 ഫിലിംസ്' എന്ന പരസ്യ കമ്പനി ആരംഭിച്ചു. ഏറ്റവും പ്രധാനപ്പെട്ടതും തിരക്കുള്ളതുമായ പരസ്യ നിർമ്മാതാക്കളിൽ ഒരാളായി മാറാൻ അദ്ദേഹത്തിന് ഒരു പതിറ്റാണ്ട് മതിയായിരുന്നു. 1997-ൽ പൗലോ ലിൻസിന്റെ 'സിറ്റി ഓഫ് ഗോഡ്' എന്ന പുസ്തകം വായിച്ച മെയറല്ലെസ്, അത് സിനിമയാക്കാൻ തീരുമാനിച്ചു. 2002-ൽ പൂർത്തിയാക്കിയ ഈ ചിത്രത്തിലെ അഭിനേതാക്കളെ ചേരി

പ്രദേശങ്ങളിലെ നിവാസികൾക്കിടയിൽ നിന്നാണ് കണ്ടെത്തിയത്. 400 കുട്ടികളിൽ നിന്ന് അവസാന റൗണ്ടിൽ 200 പേരെ തിരഞ്ഞെടുത്തു. പ്രൊഫഷണൽ സാങ്കേതിക പ്രവർത്തകരുടെ സഹായത്തോടെയായിരുന്നു ചിത്രീകരണം. ഈ സിനിമ ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും വലിയ വിജയമായി മാറി.

2004-ൽ 'സിറ്റി ഓഫ് ഗോഡ്' എന്ന ചിത്രത്തിന് മികച്ച സംവിധായകനുള്ള ഓസ്കർ നോമിനേഷൻ അദ്ദേഹത്തിന് ലഭിച്ചു. കൂടാതെ, 2004-ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച സംവിധായകൻ, മികച്ച അവലംബിത തിരക്കഥ, മികച്ച ഛായാഗ്രഹണം, മികച്ച ഫിലിം എഡിറ്റിംഗ് എന്നിങ്ങനെ നാല് നോമിനേഷനുകളും ചിത്രത്തിന് ലഭിച്ചു.

ഈ അംഗീകാരത്തോടെ അദ്ദേഹത്തിന് ഹോളിവുഡിൽ നിന്നും അവസരങ്ങൾ ലഭിച്ചു. 'ദി കോൺസ്റ്റന്റ് ഗാർഡനർ' എന്ന ചിത്രത്തിലൂടെ അദ്ദേഹം വീണ്ടും നിരൂപക പ്രശംസ നേടി. നാല് ഓസ്കർ നോമിനേഷനുകളും മികച്ച സംവിധായകനുള്ള ഗോൾഡൻ ഗ്ലോബ പുരസ്കാരങ്ങൾ ഈ ചിത്രത്തിന് ലഭിച്ചു. റേച്ചൽ വെയ്സ് മികച്ച സഹനടിക്കുള്ള ഓസ്കറും ഗോൾഡൻ ഗ്ലോബ് അവാർഡും സ്വന്തമാക്കി. ആഫ്രിക്കൻ രാജ്യങ്ങളിലെ സംഗീതത്തെ അടിസ്ഥാനമാക്കിയായിരിക്കണം ചിത്രത്തിന്റെ പശ്ചാത്തലസംഗീതം എന്ന് മെയറല്ലെസിന് നിർബന്ധമുണ്ടായിരുന്നു. കെനിയയിലായിരുന്നു ചിത്രത്തിന്റെ ഭൂരിഭാഗവും ഷൂട്ട് ചെയ്തത്.

2019-ൽ, ബ്രസീലിൽ കഞ്ചാവ് നിയമവിധേയമാക്കിയ പശ്ചാത്തലത്തിലുള്ള 'ജോയിന്റ് വെഞ്ചർ' എന്ന എച്ച്ബിഒ സീരീസ് മെയറല്ലെസ് സംവിധാനം ചെയ്യുകയും നിർമ്മിക്കുകയും ചെയ്തു. കഞ്ചാവ് നിയമവിധേയമാക്കിയതിന് ശേഷം, കുറ്റകൃത്യങ്ങളുടെ വഴി ഉപേക്ഷിച്ച് പരിചയസമ്പന്നനല്ലാത്ത ഒരു പങ്കാളിക്കൊപ്പം ചേർന്ന് നിയമപരമായി കഞ്ചാവ് വിൽക്കാൻ തീരുമാനിക്കുന്ന സാവോ പോളോയിലെ ഒരു യുവ മയക്കുമരുന്ന് കടത്തുകാരന്റെ കഥയാണിത്. അതേ വർഷം തന്നെ ആന്റണി ഹോപ്കിൻസ്, ജോനാഥൻ പ്രൈസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നെറ്റ്ഫ്ലിക്സിനായി 'ദി ടു പോപ്സ്' എന്ന ഡ്രാമ ചിത്രവും അദ്ദേഹം സംവിധാനം ചെയ്തു.



November Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Film Festival Part-VI

KSFDC


Film Vision Monthly November 2025.Rs 2/-RNI-KER/BIL/2002/8043

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർക്കോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




**13th EDITION**
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
DR. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
GIRIJA SURENDRAN. ,DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com